بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّ اَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാല്യം 4

ലക്കം 5

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ജനുവരി 31/ഹി:ശം:1398 സ്വുൽഹ് 31/ഹി:ഖ:1440 ജമാദുൽ അവ്വൽ 24


## അല്ലാഹുവിന്റെ വചനം

قُلِ اللّٰہُمَّ مٰلِکَ الۡمُلۡکِ تُؤۡتِی الۡمُلۡکَ مَنۡ تَشَآءُ وَتَنۡزِعُ الۡمُلۡکَ مِمَّنۡ تَشَآءُ ۫ وَتُعِزُّ مَنۡ تَشَآءُ وَتُذِلُّ مَنۡ تَشَآءُ ؕ بِیَدِکَ الۡخَیۡرُ ؕ

(آل عمران:27)

പറയുക:'സർവാധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ! നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നല്കുന്നു. നീ ഉദ്ദേശിക്കുന്നവരിൽനിന്ന് നീ ആധിപത്യം നീക്കിക്കളയുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ അന്തസ് നല്കുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ അപമാനിതരാക്കുന്നു. എല്ലാ നന്മയും നിന്റെ കൈയിലാണ്.'(3:27)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**പാപം ഉണ്ടായിരുന്നില്ലെങ്കിൽ അഹങ്കാരത്തിന്റെ വിഷം മനുഷ്യനിൽ വർധിക്കുകയും നശിക്കുകയും ചെയ്യുമായിരുന്നു.**

**തൗബ അതിനെ പ്രതിരോധിക്കുന്നു.**

**അഹങ്കാരം പൊങ്ങച്ചം തുടങ്ങി ആപത്തുകളിൽനിന്ന് മനുഷ്യനെ രക്ഷിക്കുന്നത് പാപമാണ്.**

**നിഷ്കളങ്കനായ നബി 70 പ്രാവശ്യം പൊറുക്കലിനെ തേടുമ്പോൾ നമ്മൾ എത്രപ്രാവശ്യം തേടേണ്ടതാണ്?**

**പാപത്തെ ഇഷ്ടപ്പെടുന്നവൻ അതിൽനിന്ന് പശ്ചാത്താപിച്ചു മടങ്ങുകയില്ല.**

**പാപം പാപമാണെന്ന് അറയുന്നവൻ അവസാനം അത് കൈയൊഴിയുന്നതാണ്.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## ബയ്അത്തും മാനസാന്തരവും

ബയ്അത്ത് ചെയ്യുന്നതിന്റെ ഗുണമെന്താണെന്നും അതിന്റെ ആവശ്യമെന്താണെന്നും അറിഞ്ഞിരിക്കേണ്ടതാണ്. ഏതെങ്കിലും വസ്തുവിന്റെ ഗുണവും വിലയും മനസ്സിലാകുന്നില്ലെങ്കിൽ അതിന്റെ വില കണ്ണുകൾക്കുള്ളിൽ സമാവേശം ചെയ്യുകയില്ല. മനുഷ്യന് വീട്ടിൽ പലതരത്തിലുള്ള വസ്തുവകകളും സാധനസാമഗ്രികളും ഉണ്ടാകും. ഉദാഹരണത്തിന് രൂപ, പൈസ, കവടി, വിറകു് മുതലായവ. ഓരോ വസ്തുവിന്റേയും നിലയ്ക്കനുസരിച്ചായിരിക്കും അതു സൂക്ഷിക്കപ്പെടുക. ഒരു കവടി സൂക്ഷിക്കാൻ രൂപയും പൈസയും സൂക്ഷിക്കുന്നതുപോലുള്ള ഏർപാടു ചെയ്യേണ്ടിവരികയില്ല. വിറകു തുടങ്ങിയവ വീടിന്റെ ഏതെങ്കിലും മുക്കിലോ മൂലയിലോ കൂട്ടിവെക്കും. അനുമാനത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപ്പെട്ടാൽ കൂടുതൽ നഷ്ടമുണ്ടാകുന്നവ കൂടുതൽ സൂക്ഷിച്ചുവെക്കും. ഇപ്രകാരം ബയ്അത്തിൽ ഏറ്റവും മഹത്തായ കാര്യം തൗബയാകുന്നു. ഇതിന്റെ അർഥം മടങ്ങുക എന്നാണ്. തൗബ എന്നത് ഏതു അവസ്ഥയുടെ പേരാണെന്നാൽ മനുഷ്യൻ ബന്ധം ഊട്ടിഉറപ്പിച്ചുവെച്ചിട്ടുള്ളതും സ്വന്തം ദേശമായി നിശ്ചയിച്ചിട്ടുള്ളതും വാസസ്ഥലമായി കരുതിയിട്ടുള്ളതുമായ പാപത്തിന്റെ വാസസ്ഥാനത്തെ ഉപേക്ഷിക്കുക. മനുഷ്യൻ ശക്തമായ ബന്ധങ്ങൾ ഉണ്ടാക്കിവച്ചിട്ടുള്ളതും ജന്മനാടായി കരുതിയിട്ടുള്ളതുമായ തന്റെ പാപങ്ങളിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങുന്ന അവസ്ഥയുടെ പേരാണ് തൗബ; അതായത് തന്റെ പാർപിടമായി കണക്കാക്കിയിട്ടുള്ള ആ നാടിനെ ഉപേക്ഷിക്കുക! ഒരു വീട് മനുഷ്യൻ ഉപേക്ഷിക്കുമ്പോൾ എത്രമാത്രം വിഷമങ്ങൾ അയാൾക്കുണ്ടാകും. ആ മുൻസ്ഥലത്ത് പിന്നീടൊരിക്കലും മടങ്ങിവരാത്തവണ്ണം സ്വന്തം നാട് ഉപേക്ഷിക്കേണ്ടിവരുമ്പോൾ എല്ലാ ബന്ധുമിത്രാദികളോടും പൂർണമായും ബന്ധം വിച്ഛേദിക്കേണ്ടിവരുന്നു. എല്ലാ വസ്തുക്കളും ഉദാഹരണത്തിന് കട്ടിൽ, വാസസ്ഥലം, അയൽവാസികൾ, ഇടവഴികൾ, ചന്ത തുടങ്ങി എല്ലാം ഉപേക്ഷിച്ച് പുതിയൊരു രാജ്യത്ത് അവന് പോകേണ്ടിവരുന്നു. അതിന്റെ പേരാണ് തൗബ. പാപങ്ങളുടെ സുഹൃത്തുക്കൾ വേറെയാണ്. തഖ്വയുടെ സുഹൃത്തുക്കൾ വേറെയാണ്. ഈ മാറ്റത്തിന്നാണ് സൂഫികൾ മരണം എന്നു പറഞ്ഞിട്ടുള്ളത്. തൗബ ചെയ്യുന്നവന് വലിയ ബുദ്ധിമുട്ടുകൾ പേറേണ്ടിവരുന്നു. സത്യസന്ധമായ തൗബയുടെ നേരത്ത് വലിയ വലിയ ബുദ്ധിമുട്ടുകൾ മുന്നിൽ വരുന്നു. അല്ലാഹു റഹീമും കരീമുമാണ്. ഇതിനെല്ലാം നല്ല പ്രതിഫലം നല്കപ്പെടാത്തിടത്തോളം അവനെ മരിപ്പിക്കുകയില്ല. **ഇന്നല്ലാഹ യുഹിബ്ബു ത്തവ്വാബീൻ** (2:223)എന്നതിൽ ആ സൂചനയാണുള്ളത്. അവൻ തൗബ ചെയ്ത് നിരാലംബനും നിസഹായനുമായിത്തീരുന്നു. അതുകൊണ്ടാണ് അല്ലാഹു അവനെ സ്നേഹിക്കുകയും പ്രേമിക്കുകയും ചെയ്യുന്നത്. അവനെ നല്ലവരുടെ ജമാഅത്തിൽ പ്രവേശിപ്പിക്കുന്നു. മറ്റു ജനതകൾ അല്ലാഹുവിനെ റഹീമും കരീമുമായി മനസ്സിലാക്കുന്നില്ല. ക്രിസ്ത്യാനികൾ ദൈവത്തെ അക്രമിയായും പുത്രനെ റഹീമുമായും കരുതി. പിതാവ് പാപം പൊറുത്തുകൊടുത്തില്ല എന്നാൽ, മകൻ ജീവൻകൊടുത്ത് പൊറുത്തുകൊടുപ്പിച്ചു. പിതാവും പുത്രനും തമ്മിൽ ഇത്ര വ്യത്യാസമുണ്ടാകുന്നത് വലിയ വിഡ്ഢിത്തമാണ്. പിതാവും മക്കളും തമ്മിലുള്ള ബന്ധം സ്വഭാവങ്ങളിലും ശീലങ്ങളിലുമാണുണ്ടാകാറുള്ളത്. എന്നാൽ, ഇവിടെ തികച്ചും വിരുദ്ധം. അല്ലാഹു റഹീം ആയിരുന്നില്ലെങ്കിൽ ഒരു നിമിഷംപോലും അവന് ജീവിക്കാൻ സാധിക്കുമായിരുന്നില്ല. മനുഷ്യന്റെ കർമങ്ങൾക്കുമുമ്പേതന്നെ ആയിരക്കണക്കിന് വസ്തുക്കൾ അവനുവേണ്ടി ഫലപ്രദമാക്കി ഉണ്ടാക്കിയിട്ടുള്ളവൻ തൗബയും കർമവും സ്വീകരിക്കുകയില്ലെന്ന് വിചാരിക്കാവുന്നതെങ്ങനെ?

## പാപത്തിന്റേയും തൗബയുടേയും യാഥാർഥ്യം:

അല്ലാഹു പാപം സൃഷ്ടിക്കുന്നുവെന്നും പിന്നീട് ആയിരക്കണക്കിന് വർഷത്തിനുശേഷം പാപം പൊറുത്തു കൊടുക്കുന്നതിനെ സംബന്ധിച്ച് ചിന്തിക്കുന്നുവെന്നതുമല്ല യാഥാർഥ്യം. ഈച്ചയുടെ രണ്ടു ചിറകുപോലെയാണത്! ഒന്നിൽ രോഗശമനവും മറ്റതിൽ വിഷവും. ഇപ്രകാരം മനുഷ്യന് രണ്ടു ചിറകുണ്ട്; ഒന്നു പാപത്തിന്റേത്. രണ്ടാമത്തേത് ലജ്ജ, തൗബ അഥവാ മാനസാന്തരം, പ്രയാസം തുടങ്ങിയവയുടേത്. ഒരാൾ അടിമയെ കഠിനമായി മർദിച്ചാൽ പിന്നീട് അയാൾ പശ്ചാത്തപിക്കുന്നുവെന്നത് സർവസാധാരണമാണ്; ഒന്നിനൊന്നായി ഇരു ചിറകും പ്രവർത്തിക്കുന്നതുപോലെ! വിഷത്തിനോടൊപ്പം ഔഷധമുണ്ട്. വിഷം എന്തിന് സൃഷ്ടിക്കപ്പെട്ടു എന്നതാണ് ചോദ്യം. അതിനുള്ള മറുപടി വിഷതന്നെയാണെങ്കിലും ചേരുവചേർക്കുമ്പോൾ അത് ഔഷധമായിത്തീരുന്നു എന്നതാണ്. പാപം ഉണ്ടായിരുന്നില്ലെങ്കിൽ അഹങ്കാരത്തിന്റെ വിഷം മനുഷ്യനിൽ വർധിക്കുകയും നശിക്കുകയും ചെയ്യുമായിരുന്നു. തൗബ അതിനെ പ്രതിരോധിക്കുന്നു. അഹങ്കാരം പൊങ്ങച്ചം തുടങ്ങി ആപത്തുകളിൽനിന്ന് മനുഷ്യനെ രക്ഷിക്കുന്നത് പാപമാണ്. നിഷ്കളങ്കനായ നബി 70 പ്രാവശ്യം പൊറുക്കലിനെ തേടുമ്പോൾ നമ്മൾ എത്രപ്രാവശ്യം തേടേണ്ടതാണ്? പാപത്തെ ഇഷ്ടപ്പെടുന്നവൻ അതിൽനിന്ന് പശ്ചാത്താപിച്ചു മടങ്ങുകയില്ല. പാപം പാപമാണെന്ന് അറയുന്നവൻ അവസാനം അത് കൈയൊഴിയുന്നതാണ്.

( ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഈദു
## ഖുത്ബ ജുമുഅ

**റമളാൻ മാസത്തിൽ നമ്മൾ രുചിച്ച നന്മകളുടെ സ്മരണ എന്നെന്നും തുടർന്നുകൊണ്ടുപോകണമെന്ന കാര്യം ഓർമപ്പെടുത്തുന്നതായിരിക്കണം പെരുന്നാൾ ദിവസമായ ഇന്ന്.**

**70,80 ശതമാനം ഫലം ഏതൊരു പ്രവൃത്തിക്കുമുണ്ടാകുന്നില്ലെങ്കിൽ, അതിനുവേണ്ടി ശരിയായ നിലയിൽ ഒരു വികാരത്തോടുകൂടി പരിശ്രമിച്ചിട്ടില്ല എന്ന് നമ്മൾ എപ്പോഴും ഓർക്കേണ്ടതാണ്.**

**"തഖ്‌വയിലൂടെ നടന്നുകൊണ്ട് എപ്പോഴും നമ്മുടെ ആരാധനകളിൽ കണിശതയും കൃത്യതയും ഉണ്ടാക്കേണ്ട ആവശ്യമുണ്ട്."**
**"സൃഷ്ടികളോടുള്ള കടമാനിർവഹണത്തിലേക്ക് ശ്രദ്ധിച്ചുകൊണ്ട് ദരിദ്രരെ സഹായിക്കേണ്ട ആവശ്യമുണ്ട്."**
**"ബന്ധുക്കളോടും അടുത്തബന്ധമുള്ളവരോടും നല്ലരീതിയിൽ പെരുമാറേണ്ട ആവശ്യമുണ്ട്.**
**നമ്മുടെ മനസ്സുകളെ അഹങ്കാരത്തിൽനിന്ന് പരിശുദ്ധമാക്കേണ്ട ആവശ്യമുണ്ട്.**
**സൃഷ്ടികളോടുള്ള അനുകമ്പയുടെ ഉന്നതനിലവാരം സ്ഥാപിക്കേണ്ട ആവശ്യമുണ്ട്."**

**ഈദിന്റെ ദിവസം മുതിർന്നവർ കുട്ടികൾക്ക് നല്കുന്ന ഈദിയിൽനിന്ന് എന്തെങ്കിലും കുറച്ച് ഈ ദരിദ്രരായ കുട്ടികൾക്ക് നല്കുന്ന ശീലം കുട്ടികളിലും ഉണ്ടാക്കുക.**

**സൃഷ്ടികളോടുള്ള സഹതാപം മനുഷ്യൻ ഉപേക്ഷിക്കുകയും അതിൽനിന്ന് അകലുകയുമാണെങ്കിൽ പിന്നീട് മെല്ലെ മെല്ലെ അവൻ വന്യമൃഗമായിത്തീരുന്നതാണ്.**

**മുസ്‌ലിം ഉമ്മത്തിനും പാക്കിസ്താനിലേയും ഇന്തൊനേഷ്യയിലേയും അഹ്മദികൾക്കും നിസ്വാർഥരായി സൃഷ്ടിസേവനം ചെയ്യുന്നവർക്കും വാഖ്ഫീനെ സിന്ദഗിക്കും ജമാഅത്തിന് സേവനം ചെയ്യുന്നവർക്കും ധനത്യാഗം ചെയ്യുന്നവർക്കുംവേണ്ടി ദുആ ചെയ്യുക.**

## സൃഷ്ടികളോടുള്ള സഹതാപവും അവരോടുള്ള കടമ നിറവേറ്റലും സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ ജ്ഞാനനിർഭരമായ പെരുന്നാൾ ഖുത്ബ

**ഈദു ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഈദു ഖുത്ബ 2018 ജൂൺ 16/1397 ഇഹ്സാൻ 16**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُولُهٗ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ - الرَّحْمٰنِ الرَّحِيمِ - مٰلِكِ يَوْمِ الدِّينِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ - صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ -

റമളാൻ മാസത്തിൽ, ഒരു മാസം നമ്മൾ രുചിച്ച നന്മകളുടെ സ്മരണ എന്നെന്നും തുടർന്നുകൊണ്ടുപോകണമെന്ന കാര്യം ഓർമപ്പെടുത്തുന്നതായിരിക്കണം പെരുന്നാൾ ദിവസമായ ഇന്ന്. പൊതുവെ റമളാൻ മാസത്തിൽ ഏതെല്ലാം കാര്യങ്ങളെ കുറിച്ചാണോ ശ്രദ്ധയുണ്ടാകുന്നത് അവയിൽ ആരാധനകളുമുണ്ട്. ദാനധർമങ്ങളും ധനത്യാഗങ്ങളും മനുഷ്യരോടുള്ള കടമകളും ശ്രദ്ധയിലുണ്ടാകേണ്ടതാണ്. ഇക്കാര്യങ്ങൾ ഇപ്പോൾ സംഘടിതമായി ഒരു പ്രത്യേക ചുറ്റുപാടിൽ ചെയ്യേണ്ട കാലം അവസാനിച്ചുകഴിഞ്ഞിരിക്കുകയാണ്. പക്ഷേ, ഒരു സത്യവിശ്വാസിയുടെ യഥാർത്ഥ ഉത്തരവാദിത്വവും സ്ഥാനവും നന്മകൾ തുടർന്നുകൊണ്ടിരിക്കുക എന്നതുമാത്രമല്ല അതിൽ വർദ്ധന ഉണ്ടാക്കണം എന്നതും കൂടിയാണ്. ഇന്നലെ മുതൽ ഈ വർഷത്തെ നിർബന്ധമാക്കപ്പെട്ട നോമ്പുകളുടെ ദിവസം അവസാനിച്ചു. അതിൽ നമ്മൾ ഒരുപാട് ഐച്ഛിക(നഫ്ൽ)മായ ആരാധനകൾ നിർവഹിച്ചു. ഏതേതെല്ലാം മറ്റു ആരാധനകളിലേക്കും സൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കുന്നതിലേക്കുമാണോ ശ്രദ്ധയുണ്ടായത് അതെല്ലാം നമ്മൾ തുടർന്നുകൊണ്ടുപോകേണ്ടതാണ്. ഐച്ഛിക കർമങ്ങൾ ചെയ്യുന്നതിൽ ശ്രദ്ധ ഉണ്ടായിട്ടുണ്ടെങ്കിൽ അത് തുടർന്നും നിറവേറ്റുന്നതിന് ശ്രദ്ധയുണ്ടാകണം. നമസ്കാരങ്ങൾ കൃത്യമായി നിർവഹിക്കുന്നതിലേക്ക് ശ്രദ്ധ ഉണ്ടായിട്ടുണ്ടെങ്കിൽ അത് തുടർന്നുകൊണ്ടുപോകേണ്ടതാണ്. നമ്മുടെ ആത്മാവിനെ നിയന്ത്രിക്കാനുള്ള പരിശീലനം ഉണ്ടായിട്ടുണ്ടെങ്കിൽ അതിൽ നിലകൊള്ളാൻ ശ്രമിക്കേണ്ടതാണ്. സൃഷ്ടികളോടു സഹതാപം കാണിക്കാൻ ശ്രദ്ധയുണ്ടായിട്ടുണ്ടെങ്കിൽ അതിൽ ഉറച്ചുനിലനിൽക്കേണ്ടതാണ്.

തങ്ങൾ നമസ്കാരം കൃത്യമായി നിർവഹിക്കാൻ ശ്രമിക്കാറുണ്ടെന്ന് ചിയാളുകൾ പറയാറുണ്ട്. പക്ഷേ, അവർ ആത്മപരിശോധന നടത്തുകയാണെങ്കിൽ തന്റെ ആത്മാവ് തന്നെ വഞ്ചിച്ചതാണെന്ന് മനസ്സിലാകുന്നതായിരിക്കും; അവർ അങ്ങനെ ശ്രമം നടത്തുന്നതേയില്ല. നമസ്കാരം നിർവഹിക്കേണ്ടതിന്റെ ഉത്തരവാദിത്വം മനസ്സിലാക്കിയില്ല. മനസ്സിലാക്കിയിരുന്നെങ്കിൽ ഒരിക്കലും ശ്രമം പരാജയപ്പെടുമായിരുന്നില്ല. എന്തായാലും റമളാനിൽ പൊതുവെ നല്ല അവസ്ഥയാണ് ഉണ്ടാകാറുള്ളത്. എന്തുകൊണ്ട്? ആ ദിനങ്ങളിൽ യഥാർഥമായ ശ്രമം ഉണ്ടാകുന്നു എന്നതാണത്. എഴുന്നേൽക്കണമെന്ന് തീരുമാനിക്കുന്നു. റമളാനിൽ അത്താഴം കഴിക്കുക എന്ന ഉദ്ദേശ്യത്തോടും മറ്റുള്ളവരെ കണ്ടും എഴുന്നേല്ക്കുന്നു. അലസരായവരും പൊതുവെ സുബ്ഹി നമസ്കാരം കൃത്യസമയത്ത് നിർവഹിക്കാൻ ശ്രമിക്കുന്നു. ഇത് യഥാർഥമായ പരിശ്രമമാണ്. അതിന്റെ ഫലമുണ്ടാകുന്നതായും നാം കാണുന്നു. 70,80 ശതമാനം ഫലം ഏതൊരു പ്രവൃത്തിക്കുമുണ്ടാകുന്നില്ലെങ്കിൽ, അതിനുവേണ്ടി ശരിയായ നിലയിൽ ഒരു വികാരത്തോടുകൂടി പരിശ്രമിച്ചിട്ടില്ല എന്ന് നമ്മൾ എപ്പോഴും ഓർക്കേണ്ടതാണ്. അതിനാൽ, എല്ലാ നന്മകളും ചെയ്യുന്നതിന് യഥാർഥമായനിലയിൽ പരിശ്രമിക്കുമെന്നും ശ്രമിക്കുന്നുണ്ടെന്നുള്ള നമ്മുടെ ആത്മാവിന്റെ വഞ്ചനയിൽ പെടുകയില്ലെന്നുമുള്ള ഉറച്ച തീരുമാനം ഇന്ന് നമ്മൾ എടുക്കേണ്ടതാണ്. അപ്പോഴാണ് നമ്മുടെ പെരുന്നാൾ യഥാർഥ പെരുന്നാളാകുന്നത്. അപ്പോഴാണ് നമ്മുടെ ഇന്നത്തെ സന്തോഷം മുഴുവൻ വർഷത്തേയും വലയം ചെയ്യുന്ന സന്തോഷമായിത്തീരുന്നത്. ഇതാണ് പെരുന്നാളിന്റെ യഥാർഥ ഉദ്ദേശ്യം. ഇതില്ലെങ്കിൽ ഇന്നത്തെ പ്രത്യേകമായ നിലയിലുള്ള തയ്യാറെടുപ്പും, നല്ല ഭക്ഷണവും സുഹൃത്തുക്കളെ കാണലും മറ്റു പരിപാടികളുണ്ടാക്കുന്നതുമെല്ലാം വ്യർഥമാണ്. ഇന്നത്തെ സന്തോഷത്തിന്റെ പിന്നിലുള്ള യഥാർഥ ആത്മാവ്, ഒരുമാസം പ്രത്യേകനിലയിൽ നമ്മുടെ ശിക്ഷണത്തിന് നമ്മൾ അല്ലാഹുവിന്റെ കല്പനയാൽ അനുവദനീയമായ ചില കാര്യങ്ങൾ സന്തോഷത്തോടും ത്യാഗം ചെയ്തും ചെയ്യാതിരുന്നു എന്നതാണ്. ഇന്നു നമ്മൾ അല്ലാഹുവിന്റെ കല്പനയാൽത്തന്നെ അതിന്റെ സന്തോഷം ആഘോഷിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, അതിനോടൊപ്പംതന്നെ ഈ മാസത്തിന്റെ തർബിയ്യത്തുകാരണത്താൽ അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിർവഹിക്കുന്നതിലേക്ക് തുടർന്നും ശ്രദ്ധിക്കുന്നതാണെന്നും നമ്മൾ പ്രതിജ്ഞ ചെയ്യുന്നു. വർഷത്തിൽ ഒരുമാസം മാത്രം അല്ലാഹുവിന്റെ കല്പനയനുസരിച്ച് നടക്കുന്നതുകൊണ്ടോ അവനോടുള്ള കടമ നിറവേറ്റുന്നതുകൊണ്ടോ നമ്മുടെ ജീവിതോദ്ദേശ്യം പൂർണമാകുകയില്ലെന്നും ഒരു മാസം മാത്രം സൃഷ്ടിസേവനം ചെയ്യുന്നതുകൊണ്ട് നമ്മുടെ ലക്ഷ്യം പൂർത്തിയാകുകയില്ലെന്നും

( ശേഷം പേജ് 9ൽ)

# ഖുത്ബ ജുമുഅ

## മസീഹ് മൗഊദിനെ സ്വീകരിച്ചുകൊണ്ടുള്ള പരിപൂർണ്ണ അനുസരണംതന്നെയാണ് വിജയങ്ങളുടേയും പ്രയത്നസാഫല്യങ്ങളുടേയും ജാമ്യമായിത്തീരുന്നത്.

**അനുസരണത്തിന്റേയും ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപങ്ങളായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാർ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അർറബീഅ് അൻസ്വാരി, ഹദ്റത്ത് അത്വിയ്യ ബിൻ നുവയ്റഃ, ഹദ്റത്ത് സഹ്ൽ ബിൻ ഖയ്സ്,ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹുമയ്ർ അൽഅശ്ജഈ, ഹദ്റത്ത് ഉബയ്ദ് ബിൻ ഔസ് അൻസ്വാരി, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്ർ (റളിയല്ലാഹുഅൻഹും) തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം.**

**അല്ലാഹു ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിനേയും അദ്ദേഹത്തിന്റെ കൂട്ടുകാരേയും കല്പന പാലിക്കേണ്ടതിന്റെ ആത്മാവ് മനസ്സിലാക്കുന്നവരാക്കിയിരുന്നു. ഇതുപോലെ നമ്മയേയും അല്ലാഹുവിൽ നിന്നുള്ള കല്പന മനസ്സിലാക്കുന്നവരും പൂർണമായും അനുസരിക്കുന്നവരുമാക്കുമാറാകട്ടെ. ഇതുപോലെ എപ്പോഴും അല്ലാഹുവിന്റെ അനന്തരാവകാശി ആക്കിക്കൊണ്ടു പോകുമാറാകട്ടെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ ഡിസംബർ 28/1397 ഫത്ഹ് 28**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ്, മോർഡൻ,(യു.കെ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ-الرَّحْمٰنِ الرَّحِيْمِ-مٰلِكِ يَوْمِ الدِّيْنِ-إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

**അബ്ദുല്ലാഹ് ബിൻ അർറബീഅ് അൻസ്വാരി:** ഇന്ന് ഞാൻ വിവരിക്കുന്ന ബദ്രീ സ്വഹാബാക്കളിലെ ആദ്യത്തെ സ്വഹാബിയുടെ പേര് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അർറബീഅ് അൻസ്വാരി എന്നാണ്. അബ്ദുല്ലാഹ് ബിൻ അർറബീഅ് അൻസ്വാരിയുടെ ബന്ധം ഖസ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂ അബ്ജറുമായിട്ടാണ്. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഫാത്വിമ ബിൻത് അംറ് എന്നായിരുന്നു. ഇദ്ദേഹം രണ്ടാം അഖബാ ബയ്അത്തിൽ പങ്കെടുത്തിരുന്നു. ഇദ്ദേഹത്തിന് ബദ്ർ, ഉഹുദ്, മുഅത്താ എന്നീ യുദ്ധങ്ങളിൽ പങ്കെടുക്കാൻ ഭാഗ്യം ലഭിച്ചു. മുഅത്താ യുദ്ധത്തിലാണ് അദ്ദേഹം ശഹാദത്തിന്റെ സ്ഥാനം പ്രാപിച്ചത്. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 407, അബ്ദുല്ലാഹ് ബിൻ അർറബീഅ് പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).(താരീഖ് മദീനത്തു ദിമിശ്ഖ്, വാള്യം 2, പേജ് 11, പ്രസാധകർ ദാറുൽ ഫിക്ർ ബേറൂത്ത് 1995)

**ഹദ്റത്ത് അത്വിയ്യ ബിൻ നുവയ്റഃ:** ഇദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഇദ്ദേഹത്തെ സംബന്ധിച്ച് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു എന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ.(ഉസുദുൽ ഗാബ, വാള്യം 4, പേജ് 45, അത്വിയ്യ ബിൻ നുവയ്റ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

**ഹദ്റത്ത് സഹ്ൽ ബിൻ ഖയ്സ്:** ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് നാഇല ബിൻത് സലാമ എന്നായിരുന്നു. പ്രശസ്ത കവി ഹദ്റത്ത് കഅ്ബ് ബിൻ മാലിക്കിന്റെ പിതൃവ്യന്റെ മകനാണ് അദ്ദേഹം. സഹ്ൽ ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹുദ് യുദ്ധത്തിൽ ശഹീദായി. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 436, സഹ്ൽ ബിൻ ഖയ്സ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

നബി(സ)തിരുമേനി എല്ലാവർഷവും ഉഹുദിലെ ശുഹദാക്കളുടെ ഖബ്റുകൾ സന്ദർശിക്കുന്നതിന് പോകാറുണ്ടായിരുന്നു. നബി(സ)തിരുമേനി ആ മലയിടുക്കിൽ പ്രവേശിക്കുമ്പോൾ അസ്സലാമു അലയ്ക്കും ബിമാ സ്വബർത്തും ഫനിഅ്മ ഉഖ്ബദ്ദാരി എന്ന് ഉറക്കെ പറയാറുണ്ടായിരുന്നു. സൂറ റഅ്ദിലെ വചനമാണ്. പക്ഷേ, അവിടെ *അസ്സലാമു അലയ്ക്കും* എന്നതിനു പകരം *സലാമുൻ അലയ്ക്കും* എന്നാണ് തുടങ്ങുന്നത്(13:25).'നിങ്ങൾ ക്ഷമിച്ച കാരണത്താൽ നിങ്ങളിൽ സമാധാനമുണ്ടാകട്ടെ. *അസ്സലാമു അലയ്ക്കും ബിമാ സ്വബർത്തും ഫനിഅ്മ ഉഖ്ബദ്ദാരി* അപ്പോൾ അന്തിമഗൃഹം എത്രമാത്രം വിശിഷ്ടം. നബി(സ)തിരുമേനിക്കു ശേഷം ഹദ്റത്ത് അബൂബക്കർ ഹദ്റത്ത് ഉമർ ഹദ്റത്ത് ഉഥ്മാൻ എന്നിവരും ആ സമ്പ്രദായം തുടർന്നുവന്നു. പിന്നീട് ഹദ്റത്ത് മുആവിയായും ഹജ്ജിനോ ഉമറയ്ക്കോവേണ്ടി വരുമ്പോൾ ഉഹുദിലെ ശുഹദാക്കളുടെ ഖബ്ർ സിയാറത്തിനുവേണ്ടി പോകാറുണ്ടായിരുന്നു. നബി(സ)തിരുമേനി പറയാറുണ്ടായിരുന്നു: *ലയ്ത്ത അന്നീ ഗൂദിർത്തു മഅ അസ്ഹാബിൽ ജബലി* ഞാനും ഈ പർവ്വതവാസികളോടൊപ്പം ഉൾപ്പെട്ടിരുന്നുവെങ്കിൽ!' അതായത് എനിക്കും ആ ദിവസം ശഹാദത്ത് ലഭിച്ചെങ്കിൽ എത്ര നന്നായിരുന്നു! ഇപ്രകാരംതന്നെ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് മദീനയുടെ വടക്കു പടിഞ്ഞാറു ഭാഗത്തുള്ള ഗാബഗ്രാമത്തിൽ തന്റെ ഭൂസ്വത്തുക്കളുടെ അടുത്ത് പോകുമ്പോൾ ഉഹുദിലെ ശുഹദാക്കളുടെ ഖബ്റുകളിൽ സിയാറത്തു ചെയ്യാറുണ്ടായിരുന്നു. മൂന്നുപ്രവാശ്യം അവർക്കു സലാം പറയുമായിരുന്നു. പിന്നീട് തന്റെ കൂട്ടുകാരോടു പറയും:'നിങ്ങളുടെ സലാമിന് മറുപടി നല്കുന്ന ഇവർക്ക് നിങ്ങൾ ഇവർക്ക് സലാം പറയാറില്ലേ? ആര് അവർക്കു സലാം പറഞ്ഞാലും അവർ ഖിയാമത്തുനാളിൽ അവരുടെ സലാമിന് ഉത്തരം നല്കുന്നതായിരിക്കും.'

ഒരിക്കൽ നബി(സ)തിരുമേനി ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ ഖബറിനടുത്തുകൂടി പോകുമ്പോൾ അവിടെ ഇറങ്ങി ദുആ ചെയ്ത് ഈ ആയത്ത് പാരായണം ചെയ്തു:

مِنَ الْمُؤْمِنِيْنَ رِجَالٌ صَدَقُوْا مَا عَاهَدُوا اللهَ عَلَيْهِ ۚ فَمِنْهُمْ مَّنْ قَضٰى نَحْبَهٗ وَمِنْهُمْ مَّنْ يَّنْتَظِرُ ۖ وَمَا بَدَّلُوْا تَبْدِيْلًا ۝٢٤

അതായത്, അല്ലാഹുവുമായി ചെയ്ത കരാർ പാലിച്ച ചിലയാളുകൾ ആ സത്യവിശ്വാസികളിലുണ്ട്. *മിനൽമുഅ്മിനീന രിജാലുൻ സ്വദഖൂമാ ആഹദുല്ലാഹ അലയ്ഹി* അങ്ങനെ(ജീവനർപ്പിച്ച്) അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു. അവരിൽ (മറ്റു) ചിലർ(അതിന്) അവസരം പാർത്തിരിക്കുകയുമാണ്. അവർ (തങ്ങളുടെ നിലപാടിൽ) ഒരു മാറ്റവും വരുത്തിയിട്ടുമില്ല.(33:24)

അതുകഴിഞ്ഞ് അവിടന്ന് പറഞ്ഞു: 'അന്ത്യദിനത്തിൽ അല്ലാഹുവിന്റെ മുന്നിൽ ഇവർ ശുഹദാക്കളായിക്കുമെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിങ്ങൾ ഇവരുടെ അടുക്കൽ വരുകയും ഇവരെ സന്ദർശിക്കുകയും ഇവർക്ക് സലാം എത്തിക്കുകയും ചെയ്യുക. എന്റെ ജീവൻ ആരുടെ കൈകളിലാണോ അവനെക്കൊണ്ട് സത്യം! ഖിയാമത്തുനാൾവരെ ആരെല്ലാം ഇവർക്ക് സലാം എത്തിക്കുന്നുവോ, ഇവർ അതിനെല്ലാം മറുപടി നല്കുന്നതാണ്.'നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ ഇവിടെ വരുകയും അവർക്കുവേണ്ടി ദുആ ചെയ്യുകയും അവർക്ക് സലാം എത്തിക്കുകയും ചെയ്തിരുന്നു.' (കിതാബുൽ മഗാസി ദിക്റു മിൻ ഗസ്വത്തി ഉഹുദ്, വാള്യം 1, പേജ് 267, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2004).

ഹദ്റത്ത് സഹ്ൽ ബിൻ ഖയ്സിന്റെ സഹോദരിമാർ ഹദ്റത്ത് സഖ്ത്വായും ഹദ്റത്ത് ഉംറയും നബി(സ)തിരുമേനിയിൽ വിശ്വസിക്കുകയും അങ്ങയിൽ ബയ്അത്ത് ചെയ്ത് അനുഗ്രഹം കരസ്ഥമാക്കുകയും ചെയ്തിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 8, പേജ് 301, സഖ്ത്വാബിൻത് ഖയ്സ്, ഉംറ ബിൻത് ഖയ്സ് പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

**ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹുമയ്ർ അൽ അശ്ജഈ:** ഇദ്ദേഹത്തിന്റെ ബന്ധം ബനൂ ദുഹ്മാനുമായിട്ടാണ്. അവർ അൻസ്വാറിന്റെ സഖ്യകക്ഷിയായിരുന്നു. തന്റെ സഹോദരനായ ഹദ്റത്ത് ഖാരിജയോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. (ഉസുദുൽ ഗാബ, വാള്യം 3, പേജ് 218–219, അബ്ദുല്ലാഹ് ബിൻ ഹുമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). ഇദ്ദേഹത്തിന്റെ ഭാര്യയുടെ പേര് ഹദ്റത്ത് ഉമ്മു ഥാബിത് ബിൻത് ഹാരിഥഃ എന്നായിരുന്നു.അവർ

നബി(സ)തിരുമേനിയിൽ വിശ്വസിച്ചിരുന്നു. (അൽ ഇസാബ വാള്യം 8, പേജ് 366, ഉമ്മു ഥാബിത് ബിൻത് ഹാരിഥഃ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹുമയ്ർ ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിനോടൊപ്പം മലയിടുക്കിൽ ഉറച്ചുനിന്ന് പോരാടിയ സ്വഹാബാക്കളിൽപ്പെട്ടയാളാണ്. മറ്റു സ്വഹാബാക്കൾ വിജയദൃശ്യം കണ്ടതിനുശേഷം മുസ്‌ലീംകളുടെ ബാക്കി ജമാഅത്തിനോടൊപ്പം ചേരാൻ താഴെ ഇറങ്ങാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹുമയ്ർ അവരെ ഉപദേശിക്കുവാനായി എഴുന്നേറ്റ് നിന്നു. അദ്ദേഹം ആദ്യം അല്ലാഹുവിനെ സ്തുതിച്ചു. പിന്നെ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നതിനെ കുറിച്ച് ഉപദേശം നല്കി. എന്നാൽ, അവർ അദ്ദേഹത്തിന്റെ വാക്കുകൾ അംഗീകരിച്ചില്ല. അവർ അവിടെ നിന്നുപൊയ്ക്കളഞ്ഞു. അങ്ങനെ മലയിടുക്കിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിനോടൊപ്പം പത്ത് സ്വഹാബാക്കളിൽ അധികംപേരുണ്ടായിരുന്നില്ല. ഈ സമയത്തിനുള്ളിൽ ഖാലിദ് ബിൻ വലീദും ഇക്‌രിമ ബിൻ അബൂജഹ്‌ലും മലയിടുക്ക് ഒഴിഞ്ഞുകിടക്കുന്നതുകണ്ട് അവിടെ ബാക്കി ഉണ്ടായിരുന്ന സ്വഹാബത്തിന്റെമേൽ ആക്രമണം അഴിച്ചുവിട്ടു. ഈ ചെറു സംഘം ശത്രുക്കളുടെമേൽ അമ്പുകൾ വർഷിച്ചു. ഈ സമയംകൊണ്ട് ശത്രുക്കളും ഇവരുടെ അടുത്തെത്തി, നിമിഷനേരംകൊണ്ട് സ്വഹാബാക്കളെ ശഹീദാക്കി.(ഇംതാഉൽ അസ്മാഅ്, വാള്യം 9, പേജ് 229, ഫസ്‌ലു ഫീ ദിക്‌രി മിൻ ഇസ്തഅ്‌ല റസൂലുല്ലാഹി(സ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1999)

ഇതിന്റെ കൂടുതൽ വിശദാംശങ്ങൾ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതിയിരിക്കുന്നു: ഉഹുദ് സംഭവത്തിൽ നബി(സ)തിരുമേനി ദൈവികസഹായത്തിൽ പ്രതീക്ഷ അർപിച്ചുകൊണ്ട് മുന്നോട്ടു നീങ്ങി. ഉഹുദിന്റെ താഴ്‌വരയിൽ സൈന്യം താവളമടിച്ചു. അതിൽ ഉഹുദുമല മുസ്‌ലീംകളുടെ പിന്നിലായി; മദീന അവരുടെ മുന്നിലും. ഇവ്വിധം അവിടന്ന് സൈന്യത്തിന്റെ പിൻഭാഗം സുരക്ഷിതമാക്കി. എന്നാൽ, പിന്നിൽ ഒരു മലയിടുക്കുണ്ടായിരുന്നു. അവിടെനിന്ന് അക്രമസാധ്യത ഉള്ളതിനാൽ അതിന്റെ സുരക്ഷയ്ക്ക് അവിടന്ന് അബ്ദുല്ലാഹ് ബിൻ ജുബയ്റിന്റെ നേതൃത്വത്തിൽ അമ്പത് വില്ലാളിവീരന്മാരായ സഹാബാക്കളെ അവിടെ നിയോഗിച്ചു. എന്തുതന്നെ സംഭവിച്ചാലും ആ സ്ഥലം ഉപേക്ഷിക്കരുതെന്നും ശത്രുക്കളുടെമേൽ ശരവർഷം നടത്തി കൊണ്ടിരിക്കുകയെന്നും അവർക്കു കർശന നിർദേശവും നല്കി. ആ മലയിടുക്കിന്റെ സുരക്ഷ അവിടന്ന് എത്രമാത്രം ഗൗരവത്തോടെ കണ്ടിരുന്നുവെന്നാൽ അബ്ദുല്ലാഹ് ബിൻ ജുബയ്റിനോട് അവിടന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു: 'ശ്രദ്ധിക്കുക, ഈ മലയിടുക്ക് ഒരവസ്ഥയിലും ശൂന്യമായി കാണാൻ പാടില്ല. ഏതുവരെയെന്നാൽ, ഞങ്ങൾക്ക് വിജയം ലഭിക്കുകയും ശത്രുക്കൾ പരാജയപ്പെട്ട് പിൻവാങ്ങുകയും ചെയ്താലും ശരി, നിങ്ങൾ ഇവിടംവിട്ട് പോകരുത്. ഇനി മുസ്‌ലീംകൾ പരാജയപ്പെടുകയും ശത്രുക്കൾ നമ്മുടെമേൽ ആധിപത്യം നേടിയാലും ശരി ഈ സ്ഥലത്തുനിന്ന് പിന്തിരിയരുത്.'

ഒരു നിവേദനത്തിൽ ഈ വാക്കുകളും വന്നിരിക്കുന്നു: പക്ഷികൾ ഞങ്ങളുടെ മാംസം കൊത്തിവലിക്കുന്നതു കണ്ടാൽപോലും ഇവിടെനിന്ന് മാറാൻ നിങ്ങൾക്ക് കല്പന ലഭിക്കുന്നതുവരെ നിങ്ങൾ ഇവിടം വിട്ടുപോകരുത്.'

ഇക്രാരം തന്റെ സൈന്യത്തിന്റെ പിൻഭാഗം പൂർണമായും സുരക്ഷിതമാക്കിയതിനുശേഷം അവിടന്ന് മുസ്‌ലിം സൈന്യത്തെ അണിനിരത്തി. വിവിധ സംഘങ്ങളിൽ അമീറുമാരെ നിയമിച്ച് വ്യത്യസ്ത സ്ഥലങ്ങളിൽ നിശ്ചയിച്ചു.....

അബ്ദുല്ലാഹ് ബിൻ ജുബയ്റിന്റെ കൂടെ ഉണ്ടായിരുന്നവർ വിജയം ലഭിച്ചതു കണ്ടപ്പോൾ, അവർ തങ്ങളുടെ നേതാവായ അബ്ദുല്ലായോടുപറഞ്ഞു: 'ഇപ്പോൾ വിജയം ലഭിച്ചിരിക്കുന്നു. മുസ്‌ലീംകൾ യുദ്ധമുതൽ സ്വരുക്കൂട്ടുകയാണ്. അതുകൊണ്ട് ഞങ്ങൾക്കും സേനയോടൊപ്പം ചേരാൻ അനുവാദം നല്കിയാലും.' അബ്ദുല്ലാഹ് അവരെ തടഞ്ഞു. നബി(സ)തിരുമേനിയുടെ കർശന നിർദേശം അവരെ ഓർമപ്പെടുത്തി. എന്നാൽ, അവർ വിജയാഘോഷത്തിൽ മതിമറന്നിരുന്നു. അതിനാൽ അവർ അത് അനുസരിച്ചില്ല. നബി(സ)തിരുമേനി പൂർണ സമാധാനം ഉണ്ടാകുന്നതുവരെ മലയിടുക്ക് ഉപേക്ഷിക്കാൻ പാടില്ല എന്നത് മാത്രമാണ് ഉദ്ദേശിച്ചതെന്നും ഇപ്പോൾ വിജയം ലഭിച്ചിരിക്കുന്നതുകൊണ്ട് ഇവിടെന്ന് പോകുന്നതിൽ യാതൊരു തെറ്റുമില്ലെന്നും പറഞ്ഞ് അവർ താഴേക്കിറങ്ങി. അങ്ങനെ അബ്ദുല്ലാഹ് ബിൻ ജുബയ്റിനോടൊപ്പം അഞ്ചോ ഏഴോ പേരല്ലാതെ മറ്റാരുംതന്നെ ആ മലയിടുക്ക് സംരക്ഷിക്കാൻ അവിടെ ഉണ്ടായിരുന്നില്ല. ഖാലിദ് ബിൻ വലീദിന്റെ തീക്ഷ്ണ നേത്രങ്ങൾ ദൂരത്തുനിന്ന് മലയിടുക്ക് നോക്കിയപ്പോൾ അവിടം ഒഴിഞ്ഞു കിടക്കുന്നതു കണ്ടു. അപ്പോൾ അദ്ദേഹം തന്റെ സവാരികളെ വേഗം വേഗം സംഘടിപ്പിച്ച് മലയിടുക്ക് ലക്ഷ്യമാക്കി കുതിച്ചു. അതിനു പിന്നാലെ ഇക്‌രിമ ബിൻ അബൂജഹ്‌ലും അതിവേഗം അവിടെ എത്തി. ഈ രണ്ടു സേനയും മുസ്‌ലിം സൈന്യത്തിന്റെ പിൻഭാഗത്തു കൂടി പെട്ടെന്ന് കടന്നാക്രമിച്ച് അബ്ദുല്ലാഹ് ബിൻ ജുബയ്റിനെയും അദ്ദേഹത്തിന്റെകൂടെയുള്ളവരെയും ഒരു നിമിഷംകൊണ്ട് ശഹീദാക്കി." (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ) പേജ് 487-488, 491)

**ഹദ്റത്ത് ഉബയ്ദ് ബിൻ ഔസ് അൻസാരി:** പിതാവിന്റെ പേര് ഔസ് ബിൻ മാലിക്ക് എന്നായിരുന്നു. ഹദ്റത്ത് ഉബയ്ദ് ബിൻ ഔസ് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം ബദ്ർ യുദ്ധത്തിൽ ഹദ്റത്ത് അഖീൽ ബിൻ അബൂത്വാലിബിനെ തടവുകാരനായി പിടിച്ചിരുന്നു. അതുപോലെ ഹദ്റത്ത് അബ്ബാസിനെയും ഹദ്റത്ത് നൗഫലിനെയും അദ്ദേഹമാണ് തടവുകാരനാക്കിയതെന്നും പറയപ്പെടുന്നു. അങ്ങനെ അവർ മൂന്നുപേരെയും കയറുകൊണ്ട് കെട്ടി നബി(സ) തിരുമേനിയുടെ അടുത്ത് ഹാജറാക്കിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ലഖദ് അആനക്ക അലയ്ഹിം മലക്കുൻ കരീമുൻ. തീർച്ചയായും ഈ കാര്യത്തിൽ ഒരു വിശിഷ്ടനായ മലക്ക് നിന്നെ സഹായിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബി(സ)തിരുമേനി അദ്ദേഹത്തിന് മുഖർരിൻ എന്ന സ്ഥാനപേര് നല്കി ആദരിച്ചു. അതായത് ചങ്ങലയിൽ ബന്ധിക്കുന്നവൻ.(ഉസുദുൽ ഗാബ, വാള്യം 3, പേജ് 528-529), ഉബയ്ദ് ബിൻ ഔസ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). ബദ്ർ യുദ്ധത്തിൽ ഹദ്റത്ത് അബ്ബാസിനെ തടവിലാക്കിയത് ഹദ്റത്ത് അബുൽയസ്ർ കഅ്ബ് ബിൻ അംറാണെന്ന് മറ്റൊരു നിവേദനത്തിൽ വന്നിട്ടുണ്ട്. (ഉസുദുൽ ഗാബ, വാള്യം 6, പേജ് 326-327), അബുൽയസ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്റത്ത് ഉബയ്ദ് ബിൻ ഔസ് ഹദ്റത്ത് ഉമയ്മഃ ബിൻത് അന്നുഅ്മാനെ വിവാഹം കഴിച്ചു. ഹദ്റത്ത് ഉമയ്മയും നബി(സ)തിരുമേനിയെ വിശ്വസിച്ചിരുന്നു. നബിയ്ക്കു ബയ്അത്തു ചെയ്ത് അനുഗൃഹീതയായി. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 8, പേജ് 257, ഉമയ്മഃ ബിൻത് അന്നുഅ്മാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഇനിയുള്ള വിവരണം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിനെ കുറിച്ചാണ്. ഇദ്ദേഹത്തെ കുറിച്ച് മറ്റൊരു സ്വഹാബിയെ പറ്റി പറഞ്ഞപ്പോൾ പ്രതിപാദിച്ചിരുന്നു. രണ്ടാം അഖബ ബയ്അത്തിൽ പങ്കെടുത്ത 70 അൻസ്വാറുകളിൽ അദ്ദേഹവും ഉൾപ്പെടുന്നു. അദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹുദ് യുദ്ധത്തിലാണ് ശഹീദായത്. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 362, അബ്ദുല്ലാഹ് ബിൻ ജുബയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് അബുൽ ആസി(റ), നബി(സ)തിരുമേനിയുടെ മകൾ ഹദ്റത്ത് സയ്നബിന്റെ ഭർത്താവായിരുന്നു. ബദ്ർ യുദ്ധത്തിൽ ബഹുദൈവവിശ്വാസികളുടെ ഭാഗത്തുനിന്ന് പങ്കെടുത്തു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്ർ അദ്ദേഹത്തെ തടവുകനാക്കി.(അൽ മുസ്തദർക്ക് അല സ്സ്വഹീഹയ്ൻ, കിതാബു മഅ്രിഫത്തുസ്സ്വഹാബ ദിക്‌റു മനാഖിബ് അബിൽ ആസ് ബിൻ റബീഅ്, ഹദീഥ് 5037, വാള്യം 3, പേജ് 262, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).ഇതു വിശദീകരിച്ചുകൊണ്ട് സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)പറയുന്നു:

ആ സമയത്ത് മക്കയിലായിരുന്ന അദ്ദേഹത്തിന്റെ ഭാര്യ അതായത് നബി (സ) തിരുമേനിയുടെ മകൾ സയ്നബ് മോചനദ്രവ്യമായി കുറച്ച് സാധനങ്ങൾ അയച്ചു. അതിൽ ഒരു മാലയുമുണ്ടായിരുന്നു. ഈ മാല ഹദ്റത്ത് ഖദീജ(റ) വിവാഹസമ്മാനമായി തന്റെ മകൾക്ക് നല്കിയതായിരുന്നു. ആ മാല കണ്ടയുടൻ മരണപ്പെട്ട ഖദീജയെ കുറിച്ചുള്ള ഓർമകൾ അങ്ങയിൽ നവീകരിക്കപ്പെട്ടു. അങ്ങയുടെ നേത്രങ്ങൾ ഈറനണിഞ്ഞു. അവിടന്ന് സ്വഹാബാക്കളോടു പറഞ്ഞു: നിങ്ങൾക്ക് സമ്മതമെങ്കിൽ സയ്നബിന്റെ ധനം നിങ്ങൾ അവൾക്ക് തിരികെ നല്കുക. സ്വഹാബാക്കൾക്ക് ഒരു സൂചനയുടെ താമസമേ വേണ്ടിയിരുന്നുള്ളു. അവർ ഉടൻതന്നെ സയ്നബിന്റെ ധനം തിരികെ നല്കി. നബി(സ) തിരുമേനി മോചനദ്രവ്യം പണമായി വാങ്ങുന്നതിനു പകരം മക്കയിൽപോയി സയ്നബിനെ മദീനയിലേയ്ക്ക് അയക്കുന്നതിനുള്ള നിബന്ധന വെച്ചു. അങ്ങനെ ഒരു സത്യവിശ്വാസിയായ ആത്മാവ് അവിശ്വാസത്തിന്റെ ഭവനത്തിൽനിന്ന് മോചിപ്പിക്കപ്പെട്ടു. കുറച്ച് കാലത്തിന് ശേഷം അബുൽ ആസി മുസ്‌ലിമായി കൊണ്ട് മദീനയിലേയ്ക്ക് ഹിജറത്ത് ചെയ്തു. ഇപ്രകാരം ഭാര്യയും ഭർത്താവും വീണ്ടും ഒന്നിച്ചു.'(പേജ് 368).

ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുല്ലാ ബിൻ ജുബയ്റിനെ മുസ്‌ലീംകളുടെ പിന്നിലുണ്ടായിരുന്ന മലയിടുക്കിൽ സംരക്ഷണത്തിനുവേണ്ടി നിറുത്തിയ അമ്പതു വില്ലാളി വീരന്മാരുടെ നേതാവായി നിശ്ചയിച്ചിരുന്നു. മറ്റു വിശദീകരണം അബ്ദുല്ലാഹ് ബിൻ ജുബയ്റിന്റെ സംഭവത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ)കൂടുതലായി പറഞ്ഞിട്ടുള്ള കാര്യം ഇതാണ്:

"നബി(സ)തിരുമേനി അല്ലാഹുവിന്റെ സഹായത്തിൽ വിശ്വാസമർപിച്ച് മുന്നോട്ടു നീങ്ങി ഉഹുദിന്റെ താഴ്‌വരയിൽ താവളമടിച്ചു. ഉഹുദു

മല മുസ്‌ലീംകളുടെ പിൻഭാഗത്തായി; മദീന മുൻഭാഗത്തും. ഇങ്ങനെ നബി(സ)തിരുമേനി മുസ്‌ലീംകളുടെ പിൻഭാഗം സുരക്ഷിതമാക്കി...... നബി(സ)തിരുമേനി അബ്ദുല്ലാഹ് ബിൻ ജുബയ്റിന്റെ നേതൃത്വത്തിൽ വില്ലാളിവീരന്മാരായ 50 സ്വഹാബിമാരെ അവിടെ നിറുത്തി. എന്തു തന്നെയുണ്ടായാലും അവിടെനിന്ന് മാറരുതെന്നും ശത്രുക്കളുടെമേൽ അമ്പെയ്തുകൊണ്ടിരിക്കണമെന്നും കർശന നിർദേശം നല്കി. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 487)

മുമ്പേ പറഞ്ഞു കഴിഞ്ഞതുപോലെ മലയിടുക്കിനെ സംബന്ധിച്ച് നബി(സ)തിരുമേനിക്ക് എത്രമാത്രം ചിന്തയാണുണ്ടായിരുന്നതെന്നാൽ, അവിടെനിന്ന് മാറരുതെന്നും ആ സ്ഥലം ഉപേക്ഷിച്ച് എങ്ങും പോകരുതെന്നും വിജയം കണ്ടാലും ശത്രുപരാജയപ്പെട്ട് ഓടുന്നതുകണ്ടാലും ഇവിടെനിന്ന് അനങ്ങരുതെന്നും അവിടന്ന് ആവർത്തിച്ചാവർത്തിച്ച് അബദുല്ലാഹ് ബിൻ ജുബയ്റിനോടു പറഞ്ഞിരുന്നു.

ഹദ്റത്ത് ബറാഅ് ബിൻ ആസിബ് വിവരിക്കുന്നു: നബി(സ)തിരുമേനി ഉഹുദ് യുദ്ധ ദിവസം കാലാൾപ്പടയുടെ നേതാവായി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിനെ നിശ്ചയിച്ചു. ഇവർ 50 പേരുണ്ടായിരുന്നു. അവിടന്ന് അവരോടു പറഞ്ഞു: നിങ്ങൾ ഇവിടെനിന്ന് അനങ്ങരുത്. പക്ഷികൾ ഞങ്ങളുടെമേൽവന്ന് വീഴുന്നതും ഞങ്ങൾ പരാജയപ്പെടുന്നതും കണ്ടാലും ഞാൻ നിങ്ങളെ വിളിക്കുന്നതുവരെ നിങ്ങൾ ഇവിടെത്തന്നെ ഉണ്ടാകണം. അങ്ങനെ മുസ്‌ലീംകൾ അവിശ്വാസികളെ പരാജയപ്പെടുത്തി ഓടിച്ചു. ഹദ്റത്ത് ബറാഅ് ബിൻ ആസിബ്(റ) പറയുന്നു: 'അല്ലാഹുവാണ! തങ്ങളുടെ വസ്ത്രം പൊക്കിപ്പിടിച്ചുകൊണ്ട് ബഹുദൈവാരാധകരായ സ്ത്രീകൾ ഓടിപ്പോകുന്നത് ഞാൻ കണ്ടു. (അക്കാലഘട്ടത്തിൽ പുരുഷന്മാർക്ക് യുദ്ധത്തിൽ ആവേശം പകരാൻ സ്ത്രീകളും പോകാറുണ്ടായിരുന്നു). അവരുടെ പാദസ്വരങ്ങളും കാൽത്തണ്ടകളും ദൃശ്യമായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിന്റെ കൂട്ടത്തിൽ ഉണ്ടായിരുന്നവർ ഇതുകണ്ട് പറഞ്ഞു: 'ജനങ്ങളേ! നമുക്ക് പോകാം. ഗനീമത്തുമുൽ ശേഖരിക്കാം. നമ്മുടെ പങ്കാളികൾ വിജയിച്ചിരിക്കുന്നു. ഇനി എന്തു കാത്തു നില്ക്കാനാണ്. നമുക്കുംപോയി യുദ്ധമുതൽ കരസ്ഥമാക്കാം.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്ർ പറഞ്ഞു:'നബി(സ) തിരുമേനി പറഞ്ഞ കാര്യങ്ങൾ നിങ്ങൾ മറന്നുപോയോ?' അപ്പോൾ അവിടെനിന്ന് പോകാനാഗ്രഹിച്ചവർ പറഞ്ഞു: 'തീർച്ചയായും ഞങ്ങളും അവരുടെ അടുക്കൽപ്പോയി യുദ്ധമുതലെടുക്കുന്നതാണ്.' അങ്ങനെ അവർ അവിടെ എത്തിയപ്പോൾ യുദ്ധം മുഖം തിരിഞ്ഞു. ഓടിപ്പോയ ശത്രുക്കൾ തിരിച്ചുവന്ന് ആക്രമണം നടത്തി. അങ്ങനെ വിജയം പരാജയത്തിൽ കലാശിച്ചു. ഹദ്റത്ത് ബറാഅ് ബിൻ ആസിബ് പറയുന്നു: 'ഈ സംഭവത്തെ കുറിച്ചാണ് അല്ലാഹു പറഞ്ഞത്, 'ദൈവദൂതൻ നിങ്ങളുടെ ഏറ്റവും പിന്നിലത്തെ സംഘത്തിൽനിന്ന് നിങ്ങളെ വി ളിക്കുകയായിരുന്നപ്പോൾ!' ആലു ഇംറാൻ എന്ന അധ്യായത്തിലെ വചനമാണിത്. നബി(സ) തിരുമേനിയുടെ അടുത്ത് അപ്പോൾ 12 പേരല്ലാതെ ആരും ഉണ്ടായിരുന്നില്ല. അവിശ്വാസികൾ നമ്മളിൽനിന്നുള്ള 70 പേരെ ശഹീദാക്കി. നബി(സ) തിരുമേനിയും അവിടത്തെ സ്വഹാബത്തും ബഹുദൈവവിശ്വാസികളിലെ 70പേരെ തടവിലാക്കുകയും 70 പേരെ വധിക്കുകയും ചെയ്തു.

അബൂസുഫ്യാൻ മൂന്നുപ്രാവശ്യം വിളിച്ചു പറഞ്ഞു: (ഉഹുദു യുദ്ധത്തിലെ സംഭവങ്ങളാണ് ഈ വിവരിക്കുന്നതെല്ലാം). ഇക്കൂട്ടരിൽ മുഹമ്മദ് ജീവിച്ചിരിപ്പുണ്ടോ? അതിനു മറുപടി നല്കുന്നതിൽനിന്ന് നബി(സ)തിരുമേനി സ്വഹാബത്തിനെ തടഞ്ഞു. അവിശ്വാസികളുടെ പരാജയം അവരുടെ വിജയമായി മാറുകയും അവർ വീണ്ടും ആക്രമിച്ച് മലയിടുക്കിൽനിന്ന് മുസ്‌ലീംകളെ കീഴടക്കുകയും ചെയ്തു. അപ്പോഴാണ് അയാൾ വിളിച്ചു ചോദിക്കുന്നത് നിങ്ങളിൽ മുഹമ്മദ് ജീവിച്ചിരിപ്പുണ്ടോ? എന്ന്. നബി(സ) തിരുമേനി മറുപടി നല്കുന്നതിൽനിന്ന് സ്വഹാബത്തിനെ തടഞ്ഞു. നിങ്ങളിൽ അബൂഖുഹാഫയുടെ മകൻ ജീവിച്ചിപ്പുണ്ടോ എന്ന് അയാൾ മൂന്നുപ്രാവശ്യം വിളിച്ചു ചോദിച്ചു. അതായത് ഹദ്റത്ത് അബൂബക്കർ(റ). തുടർന്ന് നിങ്ങളിൽ ഇബ്നു ഖത്വാബ് ജീവിച്ചിരിപ്പുണ്ടോ എന്ന് മൂന്നു പ്രാവശ്യം ചോദിച്ചു. അതായത് ഹദ്റത്ത് ഉമർ(റ). പിന്നീട് അയാൾ തന്റെ കൂട്ടുകാരുടെ അടുക്കലേക്ക് മടങ്ങിപ്പോയി. ലീഡറായ മൂന്നു പേരും വധിക്കപ്പെട്ടരിക്കുന്നുവെന്ന് അവരെ അറിയിച്ചു. ഇതുകേട്ട് ഹദ്റത്ത് ഉമർ(റ)ന്റെ നിയന്ത്രണം വിട്ടു. അദ്ദേഹം ഉറക്കെ വിളിച്ചു പറഞ്ഞു: 'അല്ലാഹുവിന്റെ ശത്രു! നീ കളവാണ് പറഞ്ഞത്. നീ പേരെടുത്ത് പറഞ്ഞവരെല്ലാം ജീവിച്ചിരിപ്പുണ്ട്. നിനക്കിനി കുറച്ചുകൂടി ബാക്കിയുണ്ട്.' അബൂസുഫ്യാൻ പറഞ്ഞു:'ഈ പോരാട്ടം ബദ്റിലെ പോരാട്ടത്തിനു പകരമാണ്. യുദ്ധം വെള്ളംകോരുന്ന തൊട്ടിപോലെയാണ്. ചിലപ്പോൾ അവർക്കു ജയം, ചിലപ്പോൾ ഇവർക്കു ജയം! അവരിൽ ചിലരുടെ കണ്ണും മൂക്കും അരിഞ്ഞവരായി നിങ്ങൾ കാണും. അതായത് ജഡം വികൃതമാക്കപ്പെട്ട നിലയിൽ. അയാൾ പറഞ്ഞു: അതിനു ഞാൻ കല്പിച്ചിട്ടില്ല. ഞാൻ അത് മോശമായി കരുതുന്നുമില്ല. പിന്നീട് അയാൾ ജയ് വിളിച്ചു. ഉഅ്ലു ഹുബൽ, ഉഅ്ലു ഹുബൽ. ഹുബൽ കീ ജയ്!' ഇതുകേട്ട് നബി(സ)തിരുമേനി ഇതിനു മറുപടി കൊടുക്കുകയില്ലേ എന്നു ചോദിച്ചു. അല്ലഹുവിന്റെ റസൂലേ ഞങ്ങളെന്താണ് മറുപടി നല്കേണ്ടത്? അവിടന്ന് പറഞ്ഞു: പറയുക, *അല്ലാഹു അഅ്ലാ വ അജല്ലു അല്ലാഹു അഅ്ലാ വ അജല്ലു* അത്യുന്നതനും മഹിമാവാനുമായ അല്ലാഹു തന്നെയാണ്. പിന്നീട് അബൂസുഫ്യാൻ പറഞ്ഞു: 'ഉസ്സാ എന്ന മൂർത്തി ഞങ്ങളുടേതാണ്. നിങ്ങൾക്ക് ഒരു ഉസ്സയുമില്ല.' നബി(സ)പറഞ്ഞു: 'ഇതിനു നിങ്ങൾ മറുപടി കൊടുക്കുന്നില്ലേ?' ഹദ്റത്ത് ബറാഅ് ബിൻ ആസിബ് പറയുന്നു: എന്തു മറുപടി നല്കണമെന്ന് സ്വഹാബത്ത് ചോദിച്ചു. നബി(സ) തിരുമേനി പറഞ്ഞു: *അല്ലാഹു മൗലാനാ വലാ മൗലാ ലക്കും, അല്ലാഹു മൗലാനാ വലാ മൗലാ ലക്കും.* അല്ലാഹു ഞങ്ങളുടെ സഹായിയാണ്. നിങ്ങൾക്ക് ഒരു സഹായിയുമില്ല.'(സ്വഹീഹുൽ ബുഖാരി, കിതാബുൽജിഹാദി വസ്സയ്രി, ഹദീഥ് 3039)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വും ഉഹുദ് യുദ്ധ സംഭവത്തെ കുറിച്ച് നല്ലവണ്ണം ചർച്ച ചെയ്തിട്ടുണ്ട്; ഉഹുദ് യുദ്ധത്തിൽ വെളിച്ചം വീശിയിട്ടുണ്ട്. അവിടന്ന് പറയുന്നു: 'നബി(സ)തിരുമേനിക്കു ചുറ്റുമുണ്ടായിരുന്ന സ്വഹാബാക്കൾ അവിശ്വാസികളുടെ മുന്നോട്ടുള്ള കുതിപ്പ് കാരണത്താൽ പിന്നിലേയ്ക്ക് തള്ളപ്പെടുകയായിരുന്നു. അവിശ്വാസികൾ പിന്മാറിയതോടെ അവർ വീണ്ടും നബി(സ)തിരുമേനിക്കു ചുറ്റും സംഘടിച്ചു. നബിയുടെ പരിശുദ്ധശരീരം അവർ താങ്ങിയെടുത്തു. ഒരു സ്വഹാബി ഉബയ്ദ ബിൻ അൽജറാഹ് തന്റെ പല്ലുകൾകൊണ്ട് നബിയുടെ തലയിൽ തറച്ചുകയറിയിരുന്ന ആണി ശക്തമായി വലിച്ചെടുത്തു. അതുമൂലം അദ്ദേഹത്തിന്റെ രണ്ട് പല്ല് പൊട്ടിപ്പോയി. കുറച്ച് സമയത്തിനു ശേഷം നബി(സ)തിരുമേനിക്ക് ബോധം തെളിഞ്ഞു. അങ്ങനെ മുസ്‌ലീംകളെ വീണ്ടും സംഘടിപ്പിക്കുന്നതിനുവേണ്ടി സ്വഹാബാക്കൾ മൈതാനത്തിന്റെ നാലുവശത്തേക്കും ആളുകളെ അയച്ചു. വിരണ്ടോടിയ(മുസ്‌ലിം)സേന വീണ്ടും സജ്ജമായി. നബി(സ)തിരുമേനി അവരെയുംകൊണ്ട് താഴ്‌വരയിലേക്ക് പോയി. ആ ബാക്കിയായ സേന കുന്നിൻചരുവിൽ നിൽക്കുമ്പോൾ അബൂസുഫ്യാൻ അത്യുച്ചത്തിൽ വിളംബരം ചെയ്ത് പറഞ്ഞു: 'ഞങ്ങൾ മുഹമ്മദി(സ)നെ വധിച്ചിരിക്കുന്നു. നബി(സ)തിരുമേനി അബൂസുഫ്യാന്റെ വാക്കുകൾക്ക് മറുപടി നല്കിയില്ല. ശത്രുകൾ യഥാർഥ അവസ്ഥ അറിഞ്ഞ് ആക്രമിക്കാതിരിക്കാനായിരുന്നു അങ്ങനെ ചെയ്തത്. മുസ്‌ലിംകൾ ബലഹീനമായ അവസ്ഥയിലായിരുന്നു. അയാൾ ഹദ്റത്ത് അബൂബക്കറിന്റെയും ഹദ്റത്ത് ഉമറിന്റെയും പേരുകൾ എടുത്തുകൊണ്ട് അവരെ തങ്ങൾ വധിച്ചിരിക്കുന്നു എന്ന് പറഞ്ഞു. എന്നാൽ, മറുപടി നല്കരുതെന്ന് അവിടന്ന് വിലക്കി. അതിൽ അബൂസുഫ്യാനും അയാളുടെ കൂട്ടാളികളും ആഹ്ലാദിച്ചുകൊണ്ട് മുദ്രവാക്യം മുഴക്കി. ഉഅ്ലു ഹുബുൽ. ഉഅ്ലു ഹുബുൽ. (ഹുബുൽ കീ ജയ്, ഹുബുൽ കീ ജയ്).(മക്കക്കാരുടെ ദേശീയ ദേവതയാണ് ഹുബുൽ). നബി(സ) അങ്ങേയറ്റം ധർമരോഷത്തോടെ ചുറ്റുമുള്ള ഭക്തജനത്തെ നോക്കി! എന്തേ മിണ്ടാതിരിക്കുന്നു! മറുപടി നല്കാത്തതെന്തേ? ഏകനായ സത്യദൈവത്തെ അവിശ്വാസികൾ അവഹേളിച്ചിരിക്കുന്നത് കേട്ടില്ലേ? എന്തു മറപടിയാണ് തങ്ങൾ നല്കേണ്ടതെന്ന് സ്വഹാബാക്കൾ ചോദിച്ചു: അവിടന്ന് പറഞ്ഞു: നിങ്ങൾ പറയുക, *അല്ലാഹു അഅ്ലാ വ അജല്ലു, അല്ലാഹു അഅ്ലാ വ അജല്ലു.* അതായത്, ഹുബ്‌ലിന്റെ മഹത്ത്വം ഉന്നതമാണെന്ന് നിങ്ങൾ പറയുന്നത് കളവാണ്. ആരാധനയക്ക് അർഹനായ അല്ലാഹുവാണ് ഏറ്റവും ശ്രേഷ്ഠൻ. അവന്റെ മഹത്ത്വമാണ് ഉന്നതമായിട്ടുള്ളത്. ഇപ്രകാരം നബി(സ) തിരുമേനി താൻ ജീവിച്ചിരിക്കുന്നുവെന്നുള്ള വിവരം ശത്രുക്കളിലെത്തിച്ചു. ധീരവും തന്റേടത്തോടുകൂടിയതുമായ ഈ മറുപടി അവിശ്വാസികളുടെ സൈന്യത്തിനുമേൽ എത്രമാത്രം സ്വാധീനമുണ്ടാക്കിയെന്നാൽ അവരുടെ പ്രതീക്ഷകളെല്ലാം തകർന്നു. അവരുടെ മുമ്പിൽ പരിക്കേറ്റ ഒരു പിടി മുസ്‌ലീംകളാണ് എഴുന്നേറ്റു നിന്നത്. ബാഹ്യമായി നോക്കുമ്പോൾ അവരെ ആക്രമിച്ച് ശത്രുക്കൾക്ക് വേണമെങ്കിൽ കീഴടക്കാമായിരുന്നു. പക്ഷേ, അന്തരീക്ഷത്തെ മുഖരിതമാക്കിയ ആ മുദ്രാവാക്യം കേട്ട്, അവരുടെ ആവേശം കണ്ട് വീണ്ടും യുദ്ധത്തിനു മുതിരാൻ അവർക്ക് ധൈര്യമുണ്ടായില്ല. എത്രത്തോളം വിജയം അവർക്കുണ്ടായോ അതിൽ സംതൃപ്തരായ അവർ മക്കയിലേക്ക് മടങ്ങി.'(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20,പേജ് 252–253).

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) *ഫൽയഹ്ദരില്ലദീന യുഖാലിഫൂന അൻ അംരിഹീ അൻ തുസ്വീബഹും ഫിത്നത്തുൻ അവ് യുസ്വീബഹും അദാബുൻ അലീം* എന്നതിന്റെ വിശദീകരണത്തിൽ പറയുന്നു:

'അതായത് റസൂലിന്റെ കല്പന നിഷേധിക്കുന്നവർ അല്ലാഹുവിൽനിന്ന് വല്ല ആപത്തും വന്നുഭവിക്കുമോ അല്ലെങ്കിൽ വല്ല ഭയാനക ശിക്ഷയിൽ ഉൾപ്പെട്ട് പോകുമോ എന്നതിൽ ഭയപ്പെടേണ്ടതാണ്. ഉഹുദ് യുദ്ധത്തിൽ ആ കല്പന നിഷേധിച്ച കാരണത്താൽ ഇസ്‌ലാമിക സൈന്യത്തിന് എത്ര വലിയ നഷ്ടമാണുണ്ടായതെന്ന് നോക്കുക. നബി(സ)തിരുമേനി ഒരു മലയിടുക്ക് സുരക്ഷിതമാക്കി വെക്കുന്നതിന് അമ്പത്

സൈനികരെ നിയോഗിച്ചു. ഈ മലയിടുക്ക് എത്രമാത്രം പ്രാധാന്യം അർഹിച്ചിരുന്നുവെന്നാൽ അവിടന്ന് അവരുടെ നേതാവ്, അബ്ദുല്ലാഹ് ബിൻ ജുബയ്ർ അൻസാരിയെ വിളിച്ച് പറഞ്ഞു: ഞങ്ങൾ വിജയിച്ചാലും പരാജയപ്പെട്ടാലും നിങ്ങൾ ആ മലയിടുക്കിൽനിന്ന് അനങ്ങരുത്. എന്നാൽ, വിജയം ലഭിച്ച് കഴിഞ്ഞപ്പോൾ ആ മലയിടുക്കിൽ ഉണ്ടായിരുന്ന സൈനികർ, അവരുടെ നേതാവിനോട് പറഞ്ഞു: 'വിജയം ലഭിച്ച് കഴിഞ്ഞു. അതുകൊണ്ട് ഇവിടെ നിൽക്കുന്നത് ഇനി നിഷ്പ്രയോജനമാണ്. ഞങ്ങൾക്കും ജിഹാദിൽ പങ്കെടുത്ത് പ്രതിഫലം നേടാൻ അനുവാദം നല്കിയാലും.' അവരുടെ നേതാവ് അവർക്ക് മനസിലാക്കി കൊടുത്തു, 'നോക്കുക! നബി(സ)തിരുമേനിയുടെ കല്പനയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കരുത്.''എന്നാൽ, റസൂലിന്റെ കല്പനയ്ക്ക് മുകളിൽ അവരുടെ ചിന്താഗതിക്ക് പ്രാധാന്യം നല്കിക്കൊണ്ട് അവർ ആ മലയിടുക്ക് ഉപേക്ഷിച്ചു. അവിശ്വാസികളുടെ തലവൻ ഖാലിദ് ബിൻ വലീദ് പിന്നിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ ആ മലയിടുക്ക് ഒഴിഞ്ഞു കിടക്കുന്നത് കണ്ടു. അദ്ദേഹം വിരണ്ടോടിയ തന്റെ അണികളെ ഒരുമിച്ചു കൂട്ടി. അങ്ങനെ ഇസ്‌ലാമികസൈന്യത്തിന്റെ കരങ്ങൾ വിച്ഛേദിച്ചുകൊണ്ട് മലമുകളിലേയ്ക്ക് കയറി. അവിടെ ഉണ്ടായിരുന്ന കുറച്ച് മുസ്‌ലിംകളെ തുണ്ടം തുണ്ടമാക്കി. പിന്നെ ഇസ്‌ലാമിക സൈന്യത്തിന്റെ പിറകിലൂടെ ആക്രമിച്ചു. അവിശ്വാസികളുടെ ഈ മുന്നേറ്റം അപ്രതീക്ഷിതമായതിനാൽ വിജയാഘോഷത്താൽ അവിടവിടെ ആയിരുന്ന മുസ്‌ലിംകൾക്ക് പാദങ്ങൾ ഉറപ്പിക്കാനോ സംഘടിക്കാനോ സാധിച്ചില്ല. കുറച്ച് സ്വഹാബാക്കൾ മാത്രം ഓടി നബി(സ)തിരുമേനിയുടെ അരികിൽ എത്തിചേർന്നു. അവരുടെ എണ്ണം ഇരുപതിൽ കൂടുതൽ ഉണ്ടായിരുന്നില്ല. എന്നാൽ, ഈ കുറച്ചുപേർക്ക് എത്രസമയം ശത്രുക്കളോട് പൊരുതാൻ സാധിക്കും? അവസാനം അവിശ്വസികളുടെ ശക്തമായ മുന്നേറ്റം കാരണം മുസ്‌ലിംസേന പിന്നിലേക്ക് തള്ളപ്പെട്ടു. കൂടാതെ നബി(സ)തിരുമേനി യുദ്ധഭൂമിയിൽ ഏകനായി തീർന്നു. ആ അവസ്ഥയിൽ അങ്ങയുടെ പടത്തൊപ്പിയിൽ ഒരു കല്ല് വന്ന് പതിച്ചു. അതു കാരണം പടത്തൊപ്പിയിലെ ഒരു ആണി നബിയുടെ തലയിൽതറച്ചു കയറി. അവിടന്ന് ബോധരഹിതനായി കുഴിയിലേക്ക് പതിച്ചു. (പിന്നീട് ഒരു സ്വഹാബി, ആ ആണി തന്റെ പല്ലുകൊണ്ട് പുറത്തെടുത്തതും അദ്ദേഹത്തിന്റെ പല്ലുകളും അതുമൂലം അടർന്നുവീണതും പറഞ്ഞു കഴിഞ്ഞതാണ്)

ചില ദ്രോഹികൾ മുസ്‌ലിം സൈന്യത്തിന് നഷ്ടമുണ്ടാക്കുന്നതിനുവേണ്ടി കുഴിച്ച് മൂടിവച്ചിരുന്ന ഒരു കുഴിയായിരുന്നു അത്. (ഒരു കുഴി ഉണ്ടാക്കിയിരുന്നു. അതിന്റെ മീതെ പുല്ലുംമറ്റും കൊണ്ട് മറയുണ്ടാക്കിയിരുന്നു. അതു കുഴിയാണെന്ന് മനസ്സിലാകുമായിരുന്നില്ല. അതിലാണ് നബി(സ)തിരുമേനി വീണത്). 'അതിനുശേഷം മറ്റു ചില സ്വഹാബാക്കൾ ശഹീദായി. അവരുടെ ശരീരങ്ങൾ നബി(സ)തിരുമേനിയുടെ ശരീരത്തിൽവന്നു വീണു. അങ്ങനെ നബി(സ)തിരുമേനി ശഹീദായെന്ന വിവരം ജനങ്ങളിൽ പരന്നു. എന്നാൽ, അവിശ്വാസികളുടെ ആക്രമണത്താൽ പിന്നിലായിപ്പോയ സ്വഹാബ അവിശ്വാസികൾ പിന്നാക്കം മാറിയതോടെ നബി(സ)തിരുമേനിയുടെ ചുറ്റും സംഘടിച്ചു. അവർ നബി(സ)തിരുമേനിയെ കുഴിയിൽനിന്ന് പുറത്തെടുത്തു. കുറച്ചു കഴിഞ്ഞ് നബി(സ)തിരുമേനിയ്ക്ക് ബോധം തെളിഞ്ഞു. അവിടന്ന് മൈതാനത്തിന്റെ നാലുഭാഗത്തും ആളുകളെ അയച്ച് മുസ്‌ലീംകളെ സംഘടിപ്പിച്ചു. നബി(സ)തിരുമേനി മറ്റുള്ളവരേയും കൂട്ടി മലയുടെ താഴ്‌വാരത്തേക്കു പോയി.

അവിശ്വാസികളുടെമേൽ വിജയം വരിച്ച ശേഷം മുസ്‌ലിം സൈന്യത്തിന് താൽകാലികമായ പതനമുണ്ടാകാൻ കാരണം അവരിൽ ചിലയാളുകൾ.....(ഇതു കേൾക്കേണ്ട കാര്യമാണ്. അവിടന്ന് പറയുന്നത് മുസ്‌ലിം സൈന്യത്തിന് അവിശ്വാസികളുടെമേൽ വിജയമുണ്ടായതിനുശേഷം ഒരു താൽക്കാലിക പരാജയമുണ്ടാകാൻ കാരണം അവരിൽ കുറച്ചാളുകൾ)നബി(സ) തിരുമേനിയുടെ കല്പനയക്കു വിരുദ്ധം പ്രവർത്തിച്ചതാണ്. നബി(സ)തിരുമേനിയുടെ കല്പനയനുസരിച്ച് പ്രവർത്തിക്കേണ്ടതിനുപകരം സ്വന്തം നിഗമനമനുസരിച്ച് പ്രവർത്തിച്ചു. ഹൃദയത്തിന്റെ മിടിപ്പനുസരിച്ച് നാഡി ചലിക്കുന്നതു പോലെ അവർ പ്രവർത്തിക്കണമായിരുന്നു. നബി(സ)തിരുമേനിയുടെ ഒരു കല്പനയുടെ ഫലമായി മുഴു ലോകത്തിനും തങ്ങളുടെ ജീവൻ ബലിയർപ്പിക്കേണ്ടിവന്നാൽ അതിനു തയ്യാറായിരിക്കണമെന്ന് മനസ്സിലാക്കണമായിരുന്നു. അവർ തങ്ങളുടെ നിഗമനം അനുസരിച്ച് ആ മലയിടുക്ക് ഉപേക്ഷിക്കാതെ – വിജയം വരിച്ചാലും തങ്ങൾ മരിച്ചാലും നിങ്ങൾ ഇവിടെനിന്ന് അനങ്ങരുതെന്ന് പറഞ്ഞ് നബി(സ) തിരുമേനി നിറുത്തിയ സ്ഥലത്ത് അവർ നിന്നിരുന്നെങ്കിൽ ശത്രുക്കൾക്ക് വീണ്ടും ആക്രമിക്കാൻ അവസരം കിട്ടുമായിരുന്നില്ല. നബി(സ) തിരുമേനിക്കും സ്വഹാബത്തിനും നഷ്ടവും സഹിക്കേണ്ടിവരുമായിരുന്നില്ല. അവിടന്ന് പറയുന്നു: 'അല്ലാഹു ഈ വചനത്തിൽ മുസ്‌ലീംകളുടെ ഈ അവസ്ഥയെ കുറിച്ച് പറയുകയാണ്. നബി(സ)തിരുമേനിയുടെ കല്പനകൾ പൂർണമായും അനുസരിക്കാത്തവരും വ്യക്തിപരമായ തങ്ങളുടെ നിഗമനത്തിന് മുൻതൂക്കം നല്കുന്നവരും(സ്വന്തം ഇഷ്ടപ്രകാരം തീരുമാനം എടുക്കുന്നവരും സ്വയം വിശദീകരിക്കുന്നവരും കല്പനകളെ വ്യാഖ്യാനിക്കുന്നവരും) അതിന്റെ ഫലമായി തങ്ങൾക്ക് വല്ല ആപത്ത് വരുമോയെന്നും കഠിനമായ ശിക്ഷയിൽ അകപ്പെടുമോ എന്നും ഭയപ്പെടേണ്ടതാണ്. പറഞ്ഞു: നിങ്ങൾ വിജയം കരസ്ഥമാക്കാനാഗ്രഹിക്കുന്നെങ്കിൽ ഒരു കൈ ഉയർത്തുമ്പോൾ നിങ്ങൾ നിൽക്കുകയും അതു താഴ്ത്തുമ്പോൾ നിങ്ങൾ ഇരിക്കുകയും ചെയ്യുക. ഈ ആത്മാവ് നിലനില്ക്കുവോളം മുസ്‌ലീംകളും നിലനില്ക്കുന്നതാണ്. എന്ന് ഈ ആത്മാവ് നഷ്ടപ്പെടുമോ അന്ന് ഇസ്‌ലാം ജീവനോടെ ഉണ്ടാകുമെങ്കിലും അല്ലാഹുവിന്റെ കൈ അവരുടെ കഴുത്ത് ഞെരിച്ചുവെക്കുന്നതായിരിക്കും;അവർ മുഹമ്മദു റസൂലുല്ലായെ അനുസരിക്കാത്തവരായിരിക്കും.'(തഫ്സീറെ കബീർ വാല്യം 6 പേജ് 410-412)

ഇന്ന് നോക്കുക! ഈ അവസ്ഥയാണ് മുസ്‌ലീംകളുടേത്. അല്ലാഹുവിന്റെ സഹായം അവരിൽ നിന്നുയർന്നുപോയി. നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച്-ആഗതനാകുന്ന മസീഹിനേയും മഹ്ദിയേയും വിശ്വസിക്കണമെന്നും തന്റെ സലാം എത്തിക്കണമെന്നും അദ്ദേഹത്തെ നീതിമാനായ വിധികർത്താവായി മനസ്സിലാക്കണമെന്നും നബി(സ)തിരുമേനി നിർദേശിച്ചിരുന്നു- പ്രവർത്തിക്കേണ്ടതിനു പകരം ഇവർ ഇപ്പോൾ അതിനെല്ലാം വ്യാഖ്യാനങ്ങൾ നല്കാൻ തുടങ്ങിയിരിക്കുകയാണ്. അതിന്റെ ഫലവും നിങ്ങൾ നോക്കിക്കാണുക. ഇവിടെ അഹ്മദികൾക്കും ഒരു പാഠമുണ്ട്. ഒരു മുന്നറിയിപ്പുണ്ട്. മസീഹ് മൗഊദിനെ സ്വീകരിച്ചു കഴിഞ്ഞാൽ പിന്നെ പരിപൂർണ അനുസരണമാണ് വിജയങ്ങൾക്കു ജാമ്യം. അതിനാൽ എല്ലാവരും തങ്ങളുടെ അനുസരണത്തിന്റെ നിലവാരം എങ്ങനെയുള്ളതാണെന്ന് ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്.

അബൂസുഫ്‌യാനോടൊപ്പം ഇക്‌രിമ ബിൻ അബൂജഹ്‌ലും ഉണ്ടായിരുന്നുവെന്ന് ആദ്യം പറഞ്ഞിരുന്നു. മറ്റൊരു ഉദ്ധരണിയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരു സ്വഹാബിയായ അംറ് ബിൻ ആസാണ് മലയിടുക്കിൽ ആക്രമണം നടത്തിയതെന്നാണ് പറയുന്നത്. വേറെ നിവേദനങ്ങളിൽ മറ്റു പേരുകളുമുണ്ട്. ഇതു സംബന്ധമായി റിസർച്ച് സെൽ കൂടുതൽ ഗവേഷണം നടത്തിയിട്ടുണ്ട്. അവിടേയും ജീവചരിത്രഗ്രന്ഥങ്ങളിൽ ഖാലിദ് ബിൻ വലീദിനോടൊപ്പം ഇക്‌രിമ ആക്രമിച്ച കാര്യമാണ് ലഭിക്കുന്നത്.(ശർഹ് സർഖാനീ, വാല്യം 2, പേജ് 412, ഗസ്‌വ ഉഹുദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2009)

മുശ്‌രിക്കീംകൾ തങ്ങളുടെ സൈന്യത്തിലെ കുതിരപ്പടയാളികളുടെ നേതാവാക്കിയിരുന്നവരിൽ ഒരാൾ അംറ് ബിൻ ആസിയായിരുന്നുവെന്ന് മനസ്സിലാകുന്നുണ്ട്.(താരീഖുൽഖുമയ്സ്, വാല്യം 2, പേജ് 191, ഗസ്‌വ ഉഹുദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2009)

ഇതുസംബന്ധമായി ഇദ്ദേഹം പറയുന്നു:ഖാലിദ് ബിൻ വലീദ് മലയിടുക്കിലെ ഒഴിഞ്ഞ സ്ഥലം കണ്ട് കുതിരപ്പടയാളികളുമായി ആക്രമണം നടത്തി. ഇക്‌രിമ ബിൻ അബൂജഹ്ൽ അവരുടെ പിന്നാലെ വന്നു. ഈ മൂന്നു കാര്യങ്ങളും ഒരു ഭാഗത്തുകാണുകയാണെങ്കിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഈ ഉദ്ധരണിയിലും മറ്റു ചരിത്രഗ്രന്ഥങ്ങളിലും വന്നിട്ടുള്ള കാര്യങ്ങൾ ഇങ്ങനെ സംയോജിപ്പിക്കാൻ കഴിയുന്നതാണ്. മുശ്‌രിക്കീംകളുടെ കുതിരപ്പടയാളികളുടെ മേൽനോട്ടക്കാരൻ ഹദ്റത്ത് അംറ് ബിൻ ആസിയായിരുന്നു. അതുകൊണ്ട് അദ്ദേഹവും കൂടെയുണ്ടാകും. അതായത് ഖാലിദ് ബിൻ വലീദും ഇക്‌രിമയും അംറ് ബിൻ ആസും ഒന്നിച്ചുണ്ടായിരുന്നിരിക്കാം. ഇതിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ നിവേദനത്തിൽ ഒരു അഭിപ്രായ ഭിന്നതയുമില്ല.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിന്റെ ശഹാദത്തു സംഭവം ഇങ്ങനെയാണ്. ഖാലിദ് ബിൻ വലീദും ഇക്‌രിമ ബിൻ അബൂജഹ്‌ലും ആക്രമിച്ചപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്ർ അമ്പെയ്തു. അവസാനം അമ്പുകൾ തീർന്നു. പിന്നീട് അദ്ദേഹം കുന്തംകൊണ്ട് പോരാട്ടം തുടർന്നു. അതും ഒടിഞ്ഞു. തുടർന്ന് അദ്ദേഹം വാളെടുത്തു. ആ പോരാട്ടത്തിൽ അദ്ദേഹം ശഹീദായി. ഇക്‌രിമ ബിൻ അബൂ ജഹ്‌ലാണ് അദ്ദേഹത്തെ ശഹീദാക്കിയത്. അദ്ദേഹം തറപറ്റിയപ്പോൾ ശത്രുക്കൾ അദ്ദേഹത്തെ വലിച്ചുകൊണ്ടുപോയി ശരീരം വികൃതമാക്കി. എത്രമാത്രം വികൃതമാക്കിയെന്നാൽ അദ്ദേഹത്തിന്റെ കുടലുകളെല്ലാം പുറത്തുചാടിയിരുന്നു.

ഹദ്റത്ത് ഖവ്വാഥ് ബിൻ ജുബയ്ർ പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിന് ഈ അവസ്ഥ ഉണ്ടായപ്പോൾ മുസ്‌ലീംകൾ ചുറ്റിത്തിരിഞ്ഞ് അവിടെ എത്തിയിരുന്നു. ഞാനും അവരോടൊപ്പമുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: ആരും ചിരിക്കാത്ത സ്ഥലത്ത് ഞാൻ ചിരിച്ചു. (തന്റെ അവസ്ഥ അദ്ദേഹം വിവരിക്കുകയാണ്)ആരും ഉറങ്ങാത്ത സ്ഥലത്ത് ഞാൻ ഉറങ്ങി. ആരും പിശുക്ക് കാണിക്കാത്ത സ്ഥലത്ത് ഞാൻ പിശുക്ക് കാണിച്ചു. (ഈ മൂന്നു കാര്യവും അത്തരം പരിതഃസ്ഥിതിയിൽ ഒരു മനുഷ്യനിൽനിന്നുണ്ടാകവതല്ല). ഇങ്ങനെ എന്തിനാണ് താങ്കൾ ചെയ്തതെന്ന് അദ്ദേഹത്തോടു ചോദിച്ചു. ഹദ്റത്ത് ഖവ്വാഥ് പറഞ്ഞു: 'ഞാൻ

ഇരുകൈകൾകൊണ്ടും അബൂഹന്ന ഇരുകാലുകൾകൊണ്ടും ഹദ്റത്ത് അബ്ദുല്ലായെ പൊക്കി. ഞാനെന്റെ തലപ്പാവുകൊണ്ട് അദ്ദേഹത്തിന്റെ മുറിവു കെട്ടി. ഞങ്ങൾ അദ്ദേഹത്തെ പൊക്കുമ്പോൾ മുശ്‌രിക്കീംകൾ ഒരു ഭാഗത്തുണ്ടായിരുന്നു. എന്റെ തലപ്പാവ് അദ്ദേഹത്തിന്റെ മുറിവിലെ നനവുകൊണ്ട് താഴെ വീണു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിന്റെ കുടലുകൾ പുറത്തു വന്നിരുന്നു. എന്റെ സുഹൃത്ത് പരിഭ്രമിച്ചു. ശത്രു പിന്നിൽനിന്ന് കാണുന്നുണ്ടെന്ന് മനസ്സിലാക്കിയ ഞാൻ ചിരിച്ചു. (ഈ സമയത്ത് എന്താണ് ചെയ്യുന്നതെന്ന് അവർ അറിയാതിരിക്കാൻ). പിന്നീട് ഒരാൾ തന്റെ കുന്തവുമായി മുന്നോട്ടുവന്നു. അത് അയാൾ എന്റെ തൊണ്ടക്കുഴിയുടെ അടുത്തേക്ക് കൊണ്ടുവരികയായിരുന്നു. എനിക്ക് ഉറക്കം വന്നു. അയാൾ തന്റെ കുന്തം മാറ്റി.(ഇങ്ങനേയും അദ്ദേഹത്തിന് അല്ലാഹുവിന്റെ സഹായം കിട്ടി. എന്തുകൊണ്ട് ഉറക്കം വന്നുവെന്ന് പറയുകയാണ്. അല്ലാഹുവിൽനിന്നുതന്നെ ഉറക്കം വന്നു. അപ്പോൾ എനിക്ക് ഒന്നും ചെയ്യാൻ സാധിക്കുമായിരുന്നില്ല. കുന്തം എന്റെ തൊണ്ടക്കുഴിയുടെ അടുത്തായിരുന്നു. പിന്നീട് ആ കുന്തം അയാൾ മാറ്റി).ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിന്റെ ഖബ്ർ കുഴിക്കുന്ന നേരത്ത് എന്റെ കൈയിൽ വില്ലുണ്ടായിരുന്നു. പാറക്കല്ലുകൾ ഞങ്ങൾക്കിടയിൽ തടസമായി. ഞങ്ങൾ അദ്ദേഹത്തിന്റെ ശരീരവുമായി താഴത്തേക്കിറങ്ങി. ഞാനെന്റെ വില്ലിന്റെ അറ്റം കൊണ്ട് ഖബ്ർ കുഴിച്ചു. വില്ലിൽ കമ്പി പിടിപ്പിച്ചിരുന്നു. ഞാനെന്റെ കമ്പി കേടുവരുത്തുകയില്ലെന്ന് പറഞ്ഞു. പിന്നീട് ഞാൻ അത് അഴിച്ചു. വില്ലിന്റെ അറ്റംകൊണ്ട് ഖബ്ർ കുഴിച്ച് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിനെ അവിടെ ഖബ്റടക്കി. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 362, അബ്ദുല്ലാഹ് ബിൻ ജുബയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

അല്ലാഹു ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിനേയും അദ്ദേഹത്തിന്റെ കൂട്ടുകാരേയും കല്പന പാലിക്കേണ്ടതിന്റെ ആത്മാവ് മനസ്സിലാക്കുന്നവരാക്കിയിരുന്നു. ഇതുപോലെ നമ്മയേയും അല്ലാഹുവിൽനിന്നുള്ള കല്പന മനസ്സിലാക്കുന്നവരും പൂർണമായും അനുസരിക്കുന്നവരുമാക്കുമാറാകട്ടെ. ഇതുപോലെ എപ്പോഴും അല്ലാഹുവിന്റെ അനന്തരാവകാശി ആക്കിക്കൊണ്ടു പോകുമാറാകട്ടെ.

നമസ്കാരങ്ങൾക്കു ശേഷം ഒരു ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. കനഡയിലെ നാദിർ അൽ ഹസ്നി സാഹിബിന്റെ ജനാസയാണ്. ഡിസംബർ 20ന് 85-ാം വയസിൽ അദ്ദേഹം വഫാത്തായി. ഇന്നാലില്ലാഹി വഇന്നാഇലയ്ഹി റാജിഊൻ. പരേതൻ ഒരു സാത്വികനും ആത്മാർഥനും കുലീനനുമായിരുന്നു. അദ്ദേഹത്തിന്റെ ധനത്യാഗവും ഉന്നതനിലവാരത്തിലുള്ളതായിരുന്നു. പരേതൻ മൂസിയായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യയും ഒരു മകനുമുണ്ട്. അവർ അഹ്മദികളല്ല. ഇദ്ദേഹം അബ്ദുർറഊഫ് അൽഹസ്നി സാഹിബിന്റെ മകനായിരുന്നു. അദ്ദേഹം 1938-ൽ തന്റെ സഹോദരൻ മുനീർ അൽഹസ്നി സാഹിബിനു ശേഷം ബയ്അത്ത് ചെയ്തിരുന്നു. അബ്ദുർറഊഫ് സാഹിബും സാത്വികനും മിതപ്രകൃതനും ദൈവഭയമുള്ള ആളുമായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ശാമിൽ പര്യടനം നടത്തിയപ്പോൾ അബ്ദുർറഊഫ് അൽഹസ്നി സാഹിബിന്റെ വീട്ടിൽ ഒരു രാത്രി ഭക്ഷണം കഴിക്കാൻ പോയിരുന്നു. നാദിർ അൽഹസ്നി സാഹിബിന്റെ ഉള്ളിലും തന്റെ പിതാവിന്റെ ഗുണങ്ങൾ ഉണ്ടായിരുന്നു. ഇദ്ദേഹവും ആത്മാർഥതയിലും കൂറിലും ഉന്നതമായ മാതൃക സമർപ്പിച്ചു.

കനഡ അമീർ സാഹിബ് എഴുതുന്നു: 'ബയ്ത്തുൽ ഇസ്‌ലാം മസ്ജിദ് നിർമാണത്തിനുശേഷം മുതൽ എല്ലാ ജുമുഅയ്ക്കും ഇദ്ദേഹം 4 മണിക്കൂർ ഡ്രൈവ് ചെയ്ത് മുടങ്ങാതെ മസ്ജിദിലെത്തുമായിരുന്നു. അന്നേ ദിവസം തിരിച്ചും sudbury ലുള്ള തന്റെ വീട്ടിലും പോകുമായിരുന്നു. ജുമുഅ നമസ്കാരത്തിനുശേഷം വിശ്രമിച്ച് അടുത്തദിവസം പോയാൽ മതിയെന്ന് പലപ്പോഴും അദ്ദേഹത്തിനോടു പറഞ്ഞിട്ടുണ്ട്. പക്ഷേ, എപ്പോഴും അദ്ദേഹം തന്റെ പ്രത്യേക ശൈലിയിൽ എന്തെങ്കിലുമൊക്കെ ഒഴികഴിവ് പറഞ്ഞ് തിരിച്ചുപോകുമായിരുന്നു; ജമാഅത്തിനുമേൽ ഒരു ഭാരവും തന്നെക്കൊണ്ട് ഉണ്ടാകാതിരിക്കാൻ. ഈ രീതി അദ്ദേഹം തന്റെ അവസാനരോഗംവരെ തുടർന്നു. വർഷങ്ങളായി ബയ്ത്തുൽ ഇസ്‌ലാം മസ്ജിദിലെ ജുമുഅ നമസ്കാരത്തിന് ബാങ്ക് വിളിക്കുന്ന ആളുമായിരുന്നു. ബാങ്ക് വിളിക്കുന്നതിനും അദ്ദേഹത്തിന് പ്രത്യേക ശൈലിയുണ്ടായിരുന്നു. അത്ഭുതകരമായ വികാരം ഉൾക്കൊണ്ടിരുന്നു. അതു കേൾക്കുന്നവരിലും ഒരു പ്രത്യേക ആകർഷണാവസ്ഥ ഉണ്ടായിരുന്നു.'

പരേതന്റെ അനഹ്മദി ഭാര്യ സുമയ്യ സാഹിബ എഴുതുന്നു: 'അല്ലാഹു നാദിർ അൽഹസ്നി സാഹിബിന് തന്റെ പ്രവിശാലമായ സ്വർഗങ്ങളിൽ ഇടം നല്കുമാറാകട്ടെ. അദ്ദേഹം തന്റെ വീട്ടുകാർക്കും ജമാഅത്തിനും വളരെ സത്യസന്ധനും നേർമാർഗിയും ശുദ്ധനും വിശ്വസ്തനും ആത്മാർഥനുമായ മനുഷ്യനായിരുന്നു. ദരിദ്രരുടെ ആവശ്യങ്ങൾ പൂർത്തിയാക്കികൊടുക്കുമായിരുന്നു. അവരോടു വാത്സല്യത്തോടെ പെരുമാറുമായിരുന്നു. ഒരു അനഹ്മദി പാവം സ്ത്രീയെ കഴിവനുസരിച്ച് രഹസ്യമായി സഹായിക്കാറുണ്ടായിരുന്നു. ഞാൻ അവരെ കാണാൻ പോകുമ്പോൾ നാദിർ സാഹിബ് ആദ്യം ചന്തയിൽപോയി അവർക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങുമായിരുന്നു. പിന്നീട് അവരുടെ വീട്ടിൽ പോകും. മരണത്തിനു മുമ്പേവരെ ഇത് തുടർന്നുവന്നു.' ഇവർ പറയുന്നു: 'ദൈവഭയംനിറഞ്ഞ മനസ്സോടുകൂടി അല്ലാഹുവുമായി രഹസ്യഭാഷണം നടത്തുമായിരുന്നു. അഞ്ചുനേര നമസ്കാരവും തഹജ്ജുദും കൃത്യമായി നിർവഹിക്കുമായിരുന്നു. അദ്ദേഹത്തെ അറിയുന്നവർക്കെല്ലാം അദ്ദേഹത്തിന്റെ സൽസ്വഭാവം അറിയാവുന്നതാണ്.'

കനഡയിൽനിന്ന് മുഅ്തസ് ഖസ്ഖ് സാഹിബ് എഴുതുന്നു: 'സിറിയയിൽ താമസിക്കുന്നതിന്നിടയിൽ നാദിർ അൽഹസ്നി സാഹിബിനെ കുറിച്ച് ഞാൻ കേട്ടിരുന്നു. ഹസ്നി കുടുംബത്തിന്റെ ജമാഅത്തുമായുള്ള ആത്മാർഥതയും ഖിലാഫത്തുമായുള്ള ബന്ധവും പ്രശസ്തമാണ്. കനഡയിലെത്തിയതിനുശേഷം നാദിർ അൽഹസ്നി സാഹിബുമായി മസ്ജിദിൽവെച്ച് കൂടിക്കാഴ്ച നടത്തി. അദ്ദേഹം വളരെ സൽപ്രകൃതനും മന്ദസ്മിതവദനനുമായിരുന്നു. അദ്ദേഹവുമായി സംസാരിക്കുന്നതിനിടയിൽ അദ്ദേഹത്തിന്റെ ഖിലാഫത്തിനോടുള്ള സ്നേഹവും മസ്ജിദിൽ സ്നേഹിതന്മാരെ കൂടിക്കാണുന്നതിലുള്ള താൽപര്യവും കണ്ട് വളരെ ആകർഷിതനായി. നമസ്കാരത്തിലുള്ള അദ്ദേഹത്തിന്റെ കൃത്യനിഷ്ഠ നമുക്കെല്ലാം മാതൃകയായിരുന്നു; അതിൽനിന്ന് നമ്മൾ പാഠം പഠിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ വഫാത്തിനുശേഷം അദ്ദേഹത്തിന്റെ ഭാര്യയും മകനും ടൊറണ്ടോയിൽ വന്നു. ജമാഅത്തിന്റെ ഏർപ്പാടനുസരിച്ച് അവരെ സേവിക്കാൻ എനിക്ക് തൗഫീഖ് കിട്ടി. അദ്ദേഹത്തിന്റെ ശേഷക്രിയയിലും സഹായിക്കാൻ ഭാഗ്യം കിട്ടി. അദ്ദേഹത്തിന്റെ ഭാര്യ എന്നോടു പറഞ്ഞു: 'ഞങ്ങളുടെ പ്രദേശത്ത് മൂന്ന് മസ്ജിദുണ്ട്. ഇതെല്ലാം മുസ്‌ലിംകളുടെതന്നെ മസ്ജിദുകളാണ്. എല്ലാവരും എന്നോടു പരേതന്റെ ജനാസ തുടങ്ങിയവയെ കുറിച്ച് ചോദിച്ചു. പക്ഷേ, ഞാൻ അവരോടു പറഞ്ഞു. (ഇവർ അനഹ്മദിയാണ്) പരേതന്റെ ജനാസ എടുക്കപ്പെടുന്നത് അദ്ദേഹം സ്ഥിരം നമസ്കരിക്കുന്ന മസ്ജിദിൽനിന്നായിരിക്കും.' ഖസ്ഖ് സാഹിബ് പറയുന്നു: 'പരേതന്റെ ജനാസ ഖബ്റിലേക്ക് ഇറക്കുകയായിരുന്നു, അപ്പോൾ എന്റെ പിതൃസഹോദരൻ അൽഹാജ് സാമി ഖസ്ഖ് സാഹിബ് പറഞ്ഞ ഒരു കാര്യമോർത്ത് എനിക്ക് കരച്ചിൽ വന്നു. ഖസ്ഖ് സാഹിബിന്റെ പിതൃവ്യൻ വഫാത്തായപ്പോൾ, അദ്ദേഹത്തിന്റെ മരണസമയത്ത് ഞാനടുത്തുണ്ടായിരുന്നു. അദ്ദേഹം ഒരു ദിവസം കരഞ്ഞുകൊണ്ട് എന്നോടു പറഞ്ഞു: സയ്യദീ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാവിനെ വിവരം അറിയിക്കുക; എനിക്ക് അദ്ദേഹത്തിനോടു സ്നേഹമുണ്ടെന്ന്. ഞാൻ ജീവിതത്തിന്റെ അവസാനശ്വാസംവരെ ഖിലാഫത്തിനോടു കൂറുപുലർത്തുന്നവനായിരിക്കുമെന്ന്.' ഞാൻ ധരിക്കുന്നത് അദ്ദേഹത്തിന്റെ വഫാത്ത് മൂന്നാം ഖിലാഫത്തിലാണ് നടന്നതെന്നാണ്. അദ്ദേഹത്തിന്റെ വാക്കുകളായിരുന്നു എപ്പോഴും ഇത്. നാദിർ സാഹിബിനെ കുറിച്ചും ഖസഖ് സാഹിബ് എഴുതുന്നു: 'നാദിർ സാഹിബിനെ കുറിച്ചും എന്റെ അഭിപ്രായം ഇതുതന്നെയാണ്. അദ്ദേഹവും ഖിലാഫത്തിനോടു വളരെ ആത്മാർഥതയുടേയും കൂറിന്റേയും ബന്ധം പുലർത്തിയിരുന്നു. അത്തരക്കാരെ കുറിച്ചാണ് അല്ലാഹു പറഞ്ഞത് *മിനൽമുഅ്മിനീന രിജാലുൻ സ്വദഖൂ മാ ആഹദുല്ലാഹ അലയ്ഹി-ഫമിൻഹും മ്മൻഖളാ നഹ്ബഹു വ മിൻഹും മ്മൻ യ്യൻതളിർ- വമാബദ്ദിലൂ തബ്ദീലാ* (33:24)

ഖസഖ് സാഹിബ് പറയുന്നു. പരേതന് ഖലീഫമാരുമായുള്ള ധാരാളം സ്മരണകളുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) 1955-ൽ സിറിയയിൽ പോയി. അപ്പോൾ ഇദ്ദേഹത്തിന് ഹുദൂറിന്റെ സഹവാസത്തിന് ഭാഗ്യം കിട്ടി. 1955 മെയ് 3ന് സിറിയായിലെ അഹ്മദികളുടെ യോഗം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സാന്നിധ്യത്തിൽ നടന്നു. ആ യോഗത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അവരോടു അറബി ഭാഷയിൽ തന്നെയാണ് സംസാരിച്ചത്. ചരിത്രപരമായ ഈ പരിപാടിയെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇങ്ങനേയും പറഞ്ഞു: 'ഈ പരിപാടിയിൽ സംഘടിച്ചിരിക്കുന്ന ഈ മജ്‌ലിസ് ചരിത്രപരമാണ്. കാരണം ഇന്നേക്ക് അരനൂറ്റാണ്ടു മുമ്പേ, അന്ന് നിങ്ങളിലധികംപേരും ജനിച്ചിട്ടു കൂടി ഉണ്ടാവില്ല, അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വഹ്‌യ് ഇറക്കി *യദ്ഊന ലക്ക അബ്ദാലുശ്ശാമി വ ഇബാദുല്ലാഹി മിനൽ അറബി* ശാം വാസികളും അറബികളിൽനിന്നുള്ളവരും അല്ലാഹുവിന്റെ സത്യദാസനായ നിന്റെ മേൽ ദുആകൾ ചെയ്യുന്നതായിരിക്കും. ഇന്ന് നിങ്ങളുടെ സാന്നിധ്യംകൊണ്ട് (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ആ സിറിയൻ അഹ്മദികളോടു പറയുകയായിരുന്നു, ഇന്ന് നിങ്ങളുടെ സാന്നിധ്യം കൊണ്ട്) അല്ലാഹു പറഞ്ഞ കാര്യം പുലർന്നു.

ഈ യാത്രയുടെ അവസരത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നോടൊപ്പമുള്ള നാദിർ അൽഹസ്നി സാഹിബിന്റെ ഫോട്ടോകളും അദ്ദേഹത്തിന്റെ കൈയിലുണ്ട്. അദ്ദേഹത്തിന്റെ സഹോദരീപുത്രൻ അമ്മാർ അൽമിസ്ക്കി സാഹിബ്- ഇവിടെ തബ്ശീറിലാണ് അദ്ദേഹം സേ

വനം ചെയ്യുന്നത്, ലണ്ടനിലാണ് താമസിക്കുന്നത്– പറയുന്നു: 'അദ്ദേഹത്തിന് ഹദ്റത്ത് ചൗദ്രീ സഫ്റുല്ലാഹ് ഖാൻ സാഹിബുമായി വളരെ അടുത്ത ബന്ധമായിരുന്നു. പരേതൻ ഹദ്റത്ത് ചൗദ്രീ സഫ്റുല്ലാഹ് ഖാൻ സാഹിബിന്റെ ഒരു ഗ്രന്ഥം അറബിയിൽ തർജമയും ചെയ്തിട്ടുണ്ട്. ജമാഅത്തുമായി അദ്ദേഹത്തിന് ദൃഢഗാഢ ബന്ധമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ഖലീഫമാർക്കുമെതിരിലുള്ള ഒരു അനാവശ്യകാര്യവും അദ്ദേഹത്തിന് സഹിക്കുമായിരുന്നില്ല. ഒരിക്കൽ അദ്ദേഹം തന്റെ രണ്ടു സഹോദരന്മാരോടൊപ്പം ഏതോ അനഹ്മദിയുടെ വീട്ടിൽ അനുശോചനമറിയിക്കാൻ പോയി. അവിടെ സിറിയയിലെ ഒരു പ്രസിദ്ധ പണ്ഡിതൻ ശേയ്ഖ് അൽബാനിയും അയാളുടെ ധാരാളം ശിഷ്യന്മാരുമുണ്ടായിരുന്നു. നാദിർ അൽഹസ്നി സാഹിബും അദ്ദേഹത്തിന്റെ സഹോദരന്മാരും അഹ്മദിയാണെന്ന് അവർക്കറിയാമായിരുന്നു. അപ്പോൾ അവർ അഹ്മദികളും മറ്റു മൗലവിമാർക്കുമിടയിലുള്ള വിവാദ വിഷയങ്ങളെക്കുറിച്ച് പറയാൻ തുടങ്ങി. അവരിൽ ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ച് അനാവശ്യ വാക്കുപയോഗിച്ചപ്പോൾ എന്റെ മാതുലൻ നാദിർ അൽഹസ്നി സാഹിബ് ദ്വേഷത്തോടെ എഴുന്നേറ്റുനിന്നു പറഞ്ഞു: 'നിങ്ങളിലാർക്കെങ്കിലും തന്റേടമുണ്ടെങ്കിൽ ഞാനുമായി വാദപ്രതിവാദം നടത്തുക.' വാസ്തവത്തിൽ ഇവർ മൂന്നുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ശേയ്ഖ് അൽബാനിയോടൊപ്പം പതിനഞ്ചിലധികം ആളുകളുണ്ടായിരുന്നു. വാദപ്രതിവാദം നടത്താൻ അവരിലാർക്കും തന്റേടമുണ്ടായില്ല. അവർ വാദപ്രതിവാദം നടത്തുന്നതിനു പകരം വഴക്കിടാൻ തുടങ്ങി. അവരുടെമേൽ ആക്രമണം നടത്താൻ ശ്രമിച്ചു. പക്ഷേ, അനുശോചനമറിയിക്കാൻ വന്ന മറ്റുള്ളവർ ഇടപെട്ട് രക്ഷപ്പെടുത്തി. തന്റെ വിദ്യാഭ്യാസ കാലത്തിന്നിടയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശമെത്തിക്കുന്നതിനുള്ള ഒരവസരവും പാഴാക്കിയിരുന്നില്ല. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം മെക്കാനിക്കൽ എഞ്ചിനിയറിംഗ് പഠിക്കുന്നതിനുവേണ്ടി അമേരിക്കയിൽ പോയി. അവസാന വർഷത്തിന്നിടയിൽ യഹൂദികളിലെ ഒരു കക്ഷിയുമായി വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സംവാദം നടന്നു. അവരുടെ കൈയിൽ ഒരു തെളിവും ഉണ്ടായിരുന്നില്ല. എതിർകക്ഷി പ്രിൻസിപ്പാളിനോട് പരാതിപ്പെട്ടു. ഇദ്ദേഹത്തെ കോളേജിൽനിന്ന് പുറത്താക്കണമെന്നാവശ്യപ്പെട്ടു; ഇല്ലെങ്കിൽ അദ്ദേഹത്തെ പഠനം പൂർത്തിയാക്കാൻ അനുവദിക്കുകയില്ലെന്നും പറഞ്ഞു. പിന്നീട് പ്രിൻസിപ്പാൾ പറഞ്ഞതനുസരിച്ച് പരേതൻ സ്വയം തന്റെ കോളേജ് മാറി. അമേരിക്കവിട്ട് കനഡയിൽ വന്നു. അദ്ദേഹത്തിന്റെ എല്ലാ ശ്രദ്ധയുടേയും കേന്ദ്രം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ഗ്രന്ഥങ്ങളായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറബിഗ്രന്ഥങ്ങൾ അദ്ദേഹം തന്റെ ശബ്ദത്തിൽ റെക്കോർഡ് ചെയ്തിട്ടുണ്ട്. ഉർദു ഭാഷ പഠിക്കാൻ ശ്രമിക്കുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫാർസി കവിതയുടെ അറബി തർജമയും ചെയ്തുവരികയായിരുന്നു. തന്റെ അറബി-ഇംഗ്ലീഷ് ഭാഷയുടെ മുഴുവൻ കഴിവും തർജമകളിൽ ചെലവഴിച്ചു. Five Vloum English Commentary യുടെ ആദ്യ ഭാഗം തർജമ ചെയ്യുന്ന ടീമിൽ ഇദ്ദേഹവുമുണ്ടായിരുന്നു. ഇസ്ലാം വിരോധികൾക്കുള്ള മറുപടിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അദ്ദേഹം അറബിഭാഷയിൽ ചില ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. അവയിൽ ഒരു ഗ്രന്ഥത്തിന്റെ ശീർഷകം 'മഹാനായ റസൂൽ മുഹമ്മദ്(സ)യുടെ നിയോഗത്തെ സംബന്ധിച്ച് മുമ്പേയുള്ള പ്രവചനങ്ങൾ' എന്നതാണ്. ഇസ്ലാമിക ഗ്രന്ഥങ്ങളടങ്ങിയ വലിയൊരു ലൈബ്രറി അദ്ദേഹത്തിന്റേതായിട്ടുണ്ട്. തന്റെ മരണശേഷം ഈ ഗ്രന്ഥങ്ങളെല്ലാം ജമാഅത്തിനു കൊടുക്കണമെന്ന് അദ്ദേഹം വസിയ്യത്ത് ചെയ്തിരുന്നു.'

അബ്ദുൽ ഖാദിർ ഔദ സാഹിബ് പറയുന്നു: 'അദ്ദേഹം ജമാഅത്തിനെ കുറിച്ചുള്ള ചില ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ട്. സ്വന്തം ചെലവിൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. ജമാഅത്തിനോടും ഖിലാഫത്തിനോടും വളരെ സ്നേഹമുള്ള ആത്മാർഥ മനുഷ്യനായിരുന്നു. ചന്ദയുടെ പ്രാധാന്യവും ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുമായിരുന്നു.'

മുറബ്ബി അബ്ദുർറസാഖ് ഫ്രാസ് സാഹിബ്, ഇദ്ദേഹം ജാമിഅ അഹ്മദിയ്യ കനഡ ഉസ്താദുമാണ്, പറയുന്നു: 'വളരെ ക്ഷമാശീലനും കൃതജ്ഞതയുള്ള ആളുമായിരുന്നു. അവസാനത്തെ കുറേ വർഷം അദ്ദേഹത്തിന് രോഗം കാരണത്താൽ വായിലൂടെ ഭക്ഷണം കഴിക്കാൻ സാധിക്കുമായിരുന്നില്ല. മിഷ്യൻ മുഖേന വയറ്റിൽ ഭക്ഷണമെത്തിക്കുകയായിരുന്നു. ആ അവസ്ഥയിലും സുഖമുണ്ടെങ്കിൽ അദ്ദേഹം യാത്ര ചെയ്ത് ജുമുഅയ്ക്ക് മസ്ജിദിലെത്തുമായിരുന്നു. അവരുമായി സ്നേഹത്തോടെ പെരുമാറുകയും, ജമാഅത്തുമായി ചേർന്നിരിക്കാൻ ഉപദേശിക്കുകയും ചെയ്യുമായിരുന്നു. ഈ രാജ്യത്ത് നമ്മുടെ കുട്ടികളെ രക്ഷിക്കുന്നതിനുള്ള ഒരേയൊരു മാർഗം ജമാഅത്തും മസ്ജിദുമായി ചേർന്നിരിക്കുകയാണെന്ന് അവരോടു പറയുമായിരുന്നു.'

മുസ്ലിഹുദ്ദീൻ ശമ്പോ സാഹിബ് കനഡയിൽ മുറബ്ബിയാണ്. അദ്ദേഹം പറയുന്നു: 'എനിക്കെഴുതുന്നു. നാദിർ അൻഹസ്നി സാഹിബ് കാലത്തിന്റെ ഖലീഫയുടെ ജുമുഅ ഖുത്ബ കേട്ട് അത് പിന്നീട് പ്രിന്റ് ചെയ്യുമായിരുന്നു. വീണ്ടും വായിച്ചിരുന്നു. പിന്നീട് അത് ഒരു ഫയലിൽ സൂക്ഷിക്കുമായിരുന്നു. വീട്ടിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറബി ഗ്രന്ഥങ്ങളും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ തഫ്സീർ കബീറിന്റെ പത്ത് വാള്യത്തിന്റെ അറബി തർജമയും തന്റെ ശബ്ദത്തിൽ റെക്കോർഡ് ചെയ്ത് സൂക്ഷിച്ചിരുന്നു. ജുമുഅയ്ക്ക് വരികയും പോകുകയും ചെയ്യുമ്പോൾ അത് കേൾക്കുമായിരുന്നു. അല്ലെങ്കിൽ ഖുർആൻ പാരായണം കേൾക്കുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ ദർസുൽ ഖുർആന്റെ അറബി തർജമ എം.ടി.എയിൽ സംപ്രേഷണം ചെയ്യാൻ തുടങ്ങിയപ്പോൾ അതും റെക്കോർഡ് ചെയ്യാൻ തുടങ്ങി; തന്റെ കൈയിൽ സൂക്ഷിച്ചു.'

അദ്ദേഹം പറയുന്നു: 'ഞാൻ പല പ്രാവശ്യവും അദ്ദേഹത്തിന്റെ വീട്ടിൽ പോയിട്ടുണ്ട്. അവിടെ താമസിക്കുമ്പോഴെല്ലാം നിത്യവും സുബ്ഹി നമസ്കാരത്തിന് ഒന്നര രണ്ടു മണിക്കൂർ മുമ്പേ തഹജ്ജുദിന്റെ നേരത്ത് കരച്ചിലിന്റേയും വിറയലിന്റേയും ശബ്ദം ഞാൻ കേൾക്കാറുണ്ടായിരുന്നു. അദ്ദേഹം എം.ടി.എ അല്ലാതെ മറ്റൊന്നും കണ്ടിരുന്നില്ല; ഇല്ലെങ്കിൽ വാർത്ത. ഒരിക്കൽ അദ്ദേഹത്തിന് എം.ടി.എ ചാനൽ കിട്ടാതായി. ഉടനെതന്നെ ശരിയാക്കിത്തരണമെന്ന് പറഞ്ഞ് അദ്ദേഹം സന്ദേശം അയച്ചു. കാരണം അതില്ലാത്ത ജീവിതം അദ്ദേഹത്തിന് പ്രയാസകരമായിരുന്നു.' ശമ്പോ സാഹിബ് എഴുതുന്നു: 'നമസ്കാരത്തിൽ സാധാരണ ഈ ദുആ ചൊല്ലാറുണ്ടായിരുന്നു: *അല്ലാഹുമ്മ അത്മിം അലയ്നാ നിഅ്മത്തൽ ഖിലാഫത്തി* അല്ലാഹുവേ ഞങ്ങൾക്ക് ഖിലാഫത്തിന്റെ അനുഗ്രഹത്താൽ ഉത്തമമായ ഫലമെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യേണമേ. ഈ ദുആ ചെയ്യുമ്പോഴെല്ലാം അദ്ദേഹം കരയുമായിരുന്നു.' ശമ്പോ സാഹിബ് എഴുതുന്നു: 'ഈ സംഭവം എനിക്ക് പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ട്.'

അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യയ്ക്കും മകനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. അവർക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ദുആകളെല്ലാം സ്വീകരിക്കുമാറാകട്ടെ.

☆☆☆

(പേജ് 1ൽനിന്ന്)

മനുഷ്യൻ ആവർത്തിച്ചാവർത്തിച്ച് കരഞ്ഞു കരഞ്ഞ് അല്ലാഹുവിനോടു പൊറുക്കൽ തേടുമ്പോൾ 'നിനക്കു ഞാൻ പൊറുത്തുതന്നിരിക്കുന്നു'വെന്നും 'ഇനി നിനക്ക് ഇഷ്ടമുള്ളത് ചെയ്തുകൊള്ളുക' എന്നും അല്ലാഹു പറയുമെന്ന് ഹദീഥിൽ വന്നിരിക്കുന്നു. അതിന്റെ അർഥം അവന്റെ ഹൃദയത്തെ മാറ്റിയിരിക്കുന്നുവെന്നാണ്. ഇപ്പോൾ പാപം അവന് സ്വാഭാവികമായിത്തന്നെ മനസ്സിലാകും. ആട് അഴുക്കു തിന്നുന്നതുകണ്ടിട്ട് തനിക്കും തിന്നണമെന്ന ആഗ്രഹം ആർക്കും ഉണ്ടാകാത്തുപോലെ അല്ലാഹു പൊറുത്തുകൊടുത്ത മനുഷ്യനും പാപം ചെയ്യുകയില്ല. മുസ്ലീംകൾക്ക് പന്നിയിറച്ചിയോടു സ്വാഭാവികമായിത്തന്നെ വെറുപ്പാണ്. വാസ്തവത്തിൽ നിഷിദ്ധവും വിരോധിക്കപ്പെട്ടതുമായ ആയിരക്കണക്കിന് പ്രവൃത്തികൾ അവർ ചെയ്യുന്നുണ്ട്. ഇതിലുള്ള യുക്തി വെറുപ്പിനുള്ള ഒരു മാതൃക നല്കിയിരിക്കുന്നു എന്നതാണ്. ഇപ്രകാരം മനുഷ്യൻ പാപത്തെ വെറുക്കണമെന്ന് മനസ്സിലാക്കിത്തന്നിരിക്കുന്നു.

## പ്രാർഥന ഔഷധമാണ്

പാപം ചെയ്യുന്നവൻ തന്റെ പാപങ്ങളുടെ കൂമ്പാരങ്ങൾ വിചാരിച്ച് ദുആ ചെയ്യാതിരിക്കാൻ പാടില്ല. ദുആ ഔഷധമാണ്. ദുആ മുഖേന പാപം തനിക്ക് എത്രമാത്രം മോശമായിത്തീർന്നുവെന്ന് അവസാനം കാണുന്നതായിരിക്കും. പാപത്തിൽ മുങ്ങിത്താണ് ദുആ സ്വീകാര്യതയിൽ നിരാശരായിരിക്കുകയും പശ്ചാത്തപിച്ചു മടങ്ങാതിരിക്കുകയും ചെയ്യുന്നവർ അവസാനം പ്രവാചകന്മാരേയും അവരുടെ അധ്യാപനങ്ങളേയും നിഷേധിക്കുന്നവരായിത്തീരുന്നു.

## തൗബ ബയ്അത്തിന്റെ ഭാഗമാണ്

(മുകളിൽ പറഞ്ഞതാണ്)തൗബയുടെ യാഥാർഥ്യം. ഇത് ബയ്അത്തിന്റെ ഭാഗമാകുന്നത് എന്തുകൊണ്ട്? കാര്യമെന്താണെന്നുവച്ചാൽ മനുഷ്യൻ അശ്രദ്ധയിൽ കിടക്കുകയാണ്. മാറ്റാനുള്ള ശക്തി പ്രദാനം ചെയ്തിട്ടുള്ള കൈയിൽ അവൻ ബയ്അത്തു ചെയ്യുമ്പോൾ മരത്തിൽ വേറൊരു ശാഖ ഒട്ടിക്കുമ്പോൾ പിടിപ്പിക്കുന്ന ശാഖയുടെ പ്രത്യേകത മാറുന്നതുപോലെ ആ മാറ്റപ്പെട്ട മനുഷ്യനിലുള്ള ഉദാരതകളും പ്രകാശങ്ങളും ബയ്അത്തു ചെയ്യുന്നവനിലും ഉണ്ടാകാൻ തുടങ്ങുന്നു;ആ വ്യക്തിയുമായി സത്യസന്ധമായ ബന്ധമുണ്ടാകണമെന്നതാണ് നിബന്ധന. ഉണങ്ങിയ ശാഖപോലെ ആകാൻ പാടില്ല. മരത്തിന്റെ ശാഖയായി ഒട്ടിപിടിക്കണം. എത്രത്തോളം ഈ ബന്ധമുണ്ടാകുമോ അത്രത്തോളം ഫലമുണ്ടാകുന്നതായിരിക്കും.'(മൽഫൂദാത്ത് വാള്യം 1 പേജ് 2,3)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 2ൽനിന്ന്)

നമ്മൾ ഇക്കാര്യം അനവരതം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ഉദ്ദേശ്യം സഫലമാകുന്നതെന്നുമുള്ള കാര്യം നമ്മളിലോരോരുത്തരും മനസ്സിൽ നല്ലവണ്ണം വെക്കേണ്ടതാണ്; തുടർച്ചയായി ചെയ്തുകൊണ്ടിരിക്കേണ്ടതുമാണ്. റമളാൻ മാസം കാരണത്താൽ അകന്നുപോയിട്ടുള്ള അലസതകൾ എപ്പോഴും അകറ്റിത്തന്നെ നിറുത്തണം. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരാകാനും എല്ലാ ദിവസവും പെരുന്നാൾ ദിവസമാകാനും നമ്മളിൽ ഉദിച്ചുയരുന്ന ഓരോ ദിനവും അല്ലാഹുവിന്റെ തൃപ്തിക്ക് പാത്രമാകുന്ന ദിനമായി ഉദിച്ചുയരാനും ഏതൊരു നന്മകളാണോ ചെയ്യാൻ തൗഫീഖ് കിട്ടിയത് അതു തുടർന്നുകൊണ്ടു പോകേണ്ടതാണ്. നമ്മൾ ആഗ്രഹിക്കുന്നുവെങ്കിൽ തഖ്‌വയിലൂടെ നടന്നുകൊണ്ട് എപ്പോഴും നമ്മുടെ ആരാധനകളിൽ കൃത്യത ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. സൃഷ്ടികളോടുള്ള കടമാനിർവഹണത്തിലേക്ക് ശ്രദ്ധിച്ചുകൊണ്ട് ദരിദ്രരെ സഹായിക്കേണ്ട ആവശ്യമുണ്ട്. ബന്ധുക്കളോടും അടുത്തബന്ധമുള്ളവരോടും നല്ലരീതിയിൽ പെരുമാറേണ്ട ആവശ്യമുണ്ട്. നമ്മുടെ മനസ്സുകളെ അഹങ്കാരത്തിൽനിന്ന് പരിശുദ്ധമാക്കേണ്ട ആവശ്യമുണ്ട്. സൃഷ്ടികളോടുള്ള അനുകമ്പയുടെ ഉന്നതനിലവാരം സ്ഥാപിക്കേണ്ട ആവശ്യമുണ്ട്. ഞാൻ ഇന്ന് സൃഷ്ടികളോടുള്ള സഹതാപത്തേയും അവരോടുള്ള കടമകൾ നിർവഹിക്കുന്നതിനേയും ഉദ്ധരിച്ച് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാനാണ് ആഗ്രഹിക്കുന്നത്. അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിർവഹിക്കലും ഒരു ഇബാദത്ത് അഥവാ ആരാധനയാണ്. ആരാധനയുടെ കൂട്ടത്തിൽത്തന്നെയാണ് അതുവരുന്നത്. ഇതുസംബന്ധമായ അറിവ് ഹദ്റത്ത് മസീഹ് മൗഊദ് (അ)വ്യക്തമായ നിലയിൽ നല്കിയിരിക്കുന്നു. ഇന്ന് നമ്മൾ പെരുന്നാൾ ആഘോഷിക്കുകയാണ്. പ്രത്യേകിച്ചും ഈ വികസിത രാജ്യങ്ങളിൽ വസിക്കുന്ന അഹ്മദി, നല്ല നിലയിൽ ജീവിക്കുന്ന അഹ്മദി, ലോകത്ത് അസംഖ്യമാളുകൾ മോശമായ അവസ്ഥകളിൽ ജീവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധിക്കുക. എത്രത്തോളമെന്നാൽ ഒരു കണക്കനുസരിച്ച് 815 മില്യൺ ആളുകൾ വിശന്നു ജീവിക്കുന്നു, അവർക്ക് ഭക്ഷണം കിട്ടുന്നില്ല. നിത്യവും 9 ആളുകളിൽ ഒരാൾ വിശന്നുറങ്ങുന്നു. ഭക്ഷണം കഴിക്കാതെ ദിവസം മുഴുവൻ പട്ടിണിയിൽ ഉറങ്ങുന്നു. പ്രത്യേകിച്ചും മൂന്നിൽ ഒരാൾ പ്രത്യേകിച്ചും കുട്ടികൾ ഭക്ഷണക്കുറവിന്റെ ഇരയാണ്; ഉചിതമായ ഭക്ഷണം അവർക്കു ലഭിക്കുന്നില്ല. ഈ പറയുന്ന കണക്കുകൾ ശരിയല്ലെന്നാണ് ഞാൻ കരുതുന്നത്. ഇതിനേക്കാൾ എത്രയോ അധികമാളുകൾ വിശപ്പിന്നിരകളാണ്. ഇറാഖ്, ശാം, യമൻ, ലിബിയ തുടങ്ങിയ രാജ്യങ്ങളിൽ യുദ്ധം കാരണത്താൽ കണക്കില്ലാത്തത്ര ആളുകൾ പ്രത്യേകിച്ചും കുട്ടികൾ ഭക്ഷണവും ചികിത്സയും കിട്ടാത്തവരാണ്. ഇവരുടെ സംഖ്യ അവിടെ വർധിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ സോഷ്യൽ മീഡിയായിൽ ഒരു ഡോക്ടർ ഏതോ ഒരു കുട്ടിക്ക് റൊട്ടി നല്കുകയും 'തനിക്ക് ഒരിക്കലും വിശപ്പ് തോന്നിക്കാത്ത ഏതെങ്കിലും മരുന്നുണ്ടോ എന്ന് ആ കുട്ടി ചോദിക്കുകയും' ചെയ്യുന്ന ചിത്രം വൈറലായിരുന്നു. ആ കുട്ടിയുടെ രോദനം കേട്ട് ഡോക്ടറും കരഞ്ഞുപോയി. ഈ ചിത്രം ശരിയാവട്ടെ തെറ്റാവട്ടെ, പക്ഷേ, യാഥാർഥ്യം ഇതുതന്നെയാണ്. ഇതാണ് ലോകത്തെ കുട്ടികളുടെ അവസ്ഥ. പക്ഷേ, യുദ്ധഭ്രാന്തന്മാർക്ക് കുട്ടികളുടെ അവസ്ഥ എന്താണെന്നതിനെക്കുറിച്ച് ഒരു വിചാരവുമില്ല! കുട്ടികൾ അവരുടെ മാതാപിതാക്കളിൽനിന്ന് അകറ്റപ്പെടുന്നു. അകറ്റപ്പെടുന്നുവെന്നു മാത്രമല്ല മറിച്ച് ഇക്കാരണത്താൽ വിശപ്പിന്റെ ജീവിതം കഴിച്ചുകൊണ്ടിരിക്കുന്നു.

എന്തായാലും ഈ അവസ്ഥകളിൽ വയറുനിറയെ തിന്നുന്നവരും ഇന്ന് പെരുന്നാൾ ദിവസം നല്ല ഭക്ഷണം കഴിക്കുന്നവരുമായ നമ്മൾക്ക് അവരെക്കുറിച്ചും ചിന്തിക്കണമെന്ന വിചാരമുണ്ടാകേണ്ടതാണ്. ഭക്ഷണം അവിടെ നില്ക്കട്ടെ, ലോകത്ത് തങ്ങൾക്കുവേണ്ടുന്ന അളവിലും മനഃസംതൃപ്തിയോടേയും കുടിക്കാൻ വെള്ളം കിട്ടാത്തവരുമുണ്ട്; കിട്ടുന്ന വെള്ളമാണെങ്കിലോ ശുദ്ധമല്ലതാനും. നമ്മളിൽ അധികംപേരും അതു കാണുന്നതുപോലും ഇഷ്ടപ്പെട്ടില്ലെന്നുവരാം. അല്ലാഹു അതിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടും സത്യവിശ്വാസികളുടെ അടയാളം പറഞ്ഞുകൊണ്ടും വിശുദ്ധഖുർആനിൽ പറയുന്നു: *വ യുത്ഇമൂന ത്ത്വആമ അലാ ഹുബ്ബിഹീ മിസ്കീനൻ വ്വ യത്തീമൻ വ്വ അസീറാ-ഇന്നമാ നുത്ഇമുക്കും ലി വജ്ഹില്ലാഹി ലാ നുരീദു മിൻകും ജസാഅൻ വ്വലാ ശുക്കൂറാ* (76: 9,10) (അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അ വർ അഗതികൾക്കും അനാഥർക്കും ബന്ധനസ്ഥർക്കും ആഹാരം നല്കുന്നു. അവർ അവരോടു പറയും, അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നല്കുന്നത്. നിങ്ങളിൽനിന്ന് എന്തെങ്കിലും പ്രതിഫലമോ കൃതജ്ഞതയോ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല).

ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിന് വിശദീകരണ തർജമ ചെയ്തത് ഇപ്രകാരമാണ്: 'സുകൃതർ ദൈവത്തോടുള്ള പ്രേമത്താൽ തങ്ങൾ ഇഷ്ടപ്പെടുന്ന ആഹാരം പാവങ്ങൾക്കും അനാഥർക്കും ബന്ധനസ്ഥർക്കും നല്കുകയും 'നിങ്ങളുടെമേൽ ഞങ്ങൾ ഒരു ബാധ്യതയും ചുമത്തുന്നില്ല; എന്നാൽ, ഇത് അല്ലാഹു ഞങ്ങളോടു സന്തുഷ്ടനായി ഭവിക്കുന്നതിന് ഞങ്ങൾ അവന്റെ തിരുമുഖത്തിനായ്ക്കൊണ്ട് ചെയ്യുന്ന ഒരു ശുശ്രൂഷയാകുന്നു, നിങ്ങളുടെ പക്കൽനിന്നു ഞങ്ങൾ പ്രതിഫലമോ നന്ദിയോ ആഗ്രഹിക്കുന്നില്ല' എന്നു പറയുകയും ചെയ്യുന്നു.' (ഇസ്‌ലാമീ ഉസൂൽ കി ഫലാസഫി, റൂഹാനീ ഖസാഇൻ, വാല്യം 1, പേജ് 351)

ഇഷ്ടപ്പെട്ട വസ്തുക്കൾ ചെലവഴിക്കുന്നത് നന്മയാണെന്ന കാര്യം അവിടന്ന് വ്യക്തമാക്കി. പാഴായതും ഉപയോഗശൂന്യമായതുമായ വസ്തുക്കൾ ചെലവഴിക്കുന്നതുകൊണ്ട് ആർക്കും നന്മ ചെയ്തുവെന്ന് വാദിക്കാൻ പറ്റുകയില്ല. അതിനാൽ ഇഷ്ടപ്പെട്ട വസ്തു നല്കുന്നതും സ്വയം അല്പം വിഷമം സഹിച്ച് മറ്റുള്ളവരെ വിചാരിക്കുന്നതും യഥാർഥ നന്മയാണ്. ത്യാഗം ചെയ്ത് പാവങ്ങളെ കുറിച്ച് ചിന്തിക്കുന്നതും അവരുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കുന്നതും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനും അവന്റെ ദയാവായ്പിനും നിർബന്ധമാണ്. ഇക്കാര്യം പിന്നീട് അല്ലാഹുവിന്റെ സാമീപ്യം തന്നരുളുന്നു. അത് ആരാധനയായി മാറുന്നു. ഇങ്ങനെ അല്ലാഹുവിനുവേണ്ടി ചെയ്യുകയാണെങ്കിൽ ഈ സൃഷ്ടിസേവനം ആരാധനയായിത്തീരുന്നതാണ്. റമളാനിൽ ജനങ്ങൾ അവരവരുടെ കഴിവനുസരിച്ച് ദാനധർമങ്ങൾ ചെയ്യണമെന്നും മറ്റുള്ളവരെ സഹായിക്കണമെന്നുമുള്ള വിചാരമുണ്ടാകുന്നു. ഈ വിചാരം വർഷം മുഴുവൻ നിലനിൽക്കേണ്ടതാണ്. താൽക്കാലികമാകാൻ പാടില്ല. വർഷം മുഴുവൻ ഈ വിചാരമുണ്ടാകുകയും പാവങ്ങളെക്കുറിച്ചുള്ള ചിന്ത അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ആകുകയാണെങ്കിൽ പിന്നെ എല്ലാ ദിവസവും പെരുന്നാൾസന്തോഷം നല്കുന്നതായിരിക്കും. ലൗകികർ, ഭൗതിക ഭരണകൂടങ്ങൾ, സംഘടനകൾ, തങ്ങളുടെ പദ്ധതിയും തീരുമാനവുമനുസരിച്ച് ദരിദ്ര രാഷ്ട്രങ്ങളെ സഹായിക്കാനും അവരുടെ വിശപ്പകറ്റാനും പ്രവർത്തിക്കുമ്പോൾ, അവരിൽ ഏകദേശം 70, 80 ശതമാനമാളുകളും തങ്ങളുടെ ചെലവുകൾ അതിൽനിന്നുമെടുക്കാറുണ്ട്. അതുകൊണ്ട് അല്ലാഹുവിന്റെ തിരുമുഖത്തിനുവേണ്ടിയല്ല അവർ ഈ ജോലി ചെയ്യുന്നത്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുമല്ല. അവരുടെ ജോലി ആ ആളുകളെ ബാധ്യതയ്ക്കു വിധേയരാക്കിവെക്കാനുള്ളതാണ്. അതുകൊണ്ട് ആരാധനയുടെ വർണത്തിൽ ഈ ജോലി ചെയ്യുക എന്നത് സത്യവിശ്വാസികളുടെ പ്രവൃത്തിയാണ്. സന്തോഷങ്ങളുടെ ദിവസങ്ങളിൽ അവർക്ക് യഥാർഥമായ സന്തോഷം ലഭ്യമാകുന്നത് മറ്റുള്ളവരെ സഹായിക്കണമെന്ന ചിന്ത ഉണ്ടാകുമ്പോഴാണ്. ജമാഅത്തിന്റെ വ്യവസ്ഥിതിയനുസരിച്ച് ദരിദ്ര രാഷ്ട്രങ്ങളിൽ അനാഥരുടെ ചെലവുകൾ, അവരുടെ ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ഏർപാടുണ്ട്. നല്ല നിലയിൽ കഴിയുന്നവർ അവരെ സഹായിക്കേണ്ടതാണ്. എല്ലാ സന്തോഷാവസരങ്ങളിലും പാവങ്ങൾക്കുള്ള വിഹിതം മാറ്റിവെക്കേണ്ടതാണ്.

പിന്നീട് വരുന്നത് രോഗികളുടെ സൗജന്യ ചികിത്സയാണ്. അതിലും ജമാഅത്ത് ചെലവഴിക്കുന്നുണ്ട്. വെള്ളവും ഭക്ഷണവും പാവങ്ങൾക്ക് ലഭ്യമാക്കുന്നതിന് ജമാഅത്ത് ഏർപാട് ചെയ്യുന്നു. ദരിദ്രരായ വിദ്യാർഥികളുടെ ചെലവുകൾക്കുള്ള ഏർപാടുണ്ട്. ഇതിനുവേണ്ടി വ്യക്തിപരമായ നിലയിൽ ആളുകൾ ചെലവഴിക്കുന്നതിനും, പാവങ്ങൾക്ക് നല്കുന്നതിനോടുമൊപ്പം ജമാഅത്ത് വ്യവസ്ഥിതിയ്ക്ക് വിധേയമായും വിദ്യാർഥികളേയും രോഗികളേയും അനാഥരേയും സഹായിക്കാനുള്ള ഫണ്ടിലും നിങ്ങളുടെ കഴിവനുസരിച്ച് കുറച്ച് തീർച്ചയായും നല്കേണ്ടതാണ്. ഇപ്രകാരംതന്നെ ജമാഅത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചില സംഘടനകളുണ്ട്; അസോസിയേഷനുകളുണ്ട്, അവയിൽ ഐ.എ.എ.എ ഇ(IAAAE) എന്ന പേരിലുള്ള എഞ്ചിനിയേഴ്സ് അസോസിയേഷനുണ്ട്, ഇവർ ജലം തുടങ്ങിയവ ലഭ്യമാക്കുന്നു. ആഫ്രിക്കയിലെ ധാരാളം രാജ്യങ്ങളിൽ അവർ ചാമ്പുപൈപ്പുകൾ ഘടിപ്പിച്ചു. സോളാർപമ്പ് തുടങ്ങിയവ ഘടിപ്പിച്ചു. ഹാന്റ് പമ്പ് ഘടിപ്പിച്ചു. അശുദ്ധജലം കുടിക്കുന്നവർക്ക് ശുദ്ധജലം കുടിക്കാൻ കിട്ടുകയും അതും അവരുടെ വീടുകളുടെ മുമ്പിൽ കിട്ടുകയും ചെയ്യുമ്പോഴുള്ള അവരുടെ സന്തോഷം കാണേണ്ടതുതന്നെയാണ്. നമ്മളിൽ ധാരാളമാളുകൾ നമ്മുടെ കുട്ടികൾക്ക് അവർക്ക് ഇഷ്ടപ്പെട്ട വസ്ത്രമോ കളിപ്പാട്ടമോ കൊണ്ടുകൊടുക്കുമ്പോൾ അവരുടെ മുഖത്തുണ്ടാകുന്ന സന്തോഷത്തേക്കാൾ അധികം സന്തോഷം ആ ദൂരസ്ഥലങ്ങളിൽ വസിക്കുന്ന ദരിദ്രരായ കുട്ടികൾക്ക് അവരുടെ വീട്ടുപടിക്കൽ കുടിക്കാൻ ശുദ്ധജലം കിട്ടുമ്പോൾ അവരുടെ മുഖത്ത് ഉണ്ടാകുന്നതു കണ്ടു.

ഇതുപോലെതന്നെ ഹ്യൂമാനിറ്റിഫസ്റ്റും വിവിധ തരത്തിലുള്ള സൃഷ്ടിസേവന പ്രവൃത്തികൾ ചെയ്തുവരുന്നു. അവയിൽ ഭക്ഷണം, കുടിവെള്ളം, വിദ്യാഭ്യാസം, ചികിത്സ, മറ്റുജോലികൾ, അല്ലെങ്കിൽ ഭൂകമ്പം വെള്ളപ്പൊക്കം തുടങ്ങിയ അവസരങ്ങളിലുള്ള പ്രവർത്തനവും പെടുന്നു. ഹ്യൂമാനിറ്റി ഫസ്റ്റിലും ജമാഅത്തംഗങ്ങൾ ഒരു വികാരത്തോടുകൂടി പണിയെടുക്കുന്നു. മറ്റുള്ള സംഘടനകൾ ലക്ഷങ്ങൾ മുടക്കി ചെയ്യുന്ന പ്രവൃത്തികൾ ഇവർ ആയിരങ്ങൾ മുടക്കി ചെയ്യുന്നു. നമ്മുടെ സന്നദ്ധസേവകർ അവിടെ പോകുന്നു. ജമാഅത്തിലെ ഒരു

വിഭാഗം സാമ്പത്തികാടിസ്ഥാനത്തിലും അംഗബലത്തിന്റെ അടിസ്ഥാനത്തിലും സന്നദ്ധസേവനം എന്ന നിലയിൽ തങ്ങളുടെ സേവനം സമർപ്പിച്ചാണ് ഈ ജോലി ചെയ്യുന്നത്. ഈ സൽപ്രവർത്തനങ്ങളിൽ പങ്കെടുക്കാത്ത ധാരാളമാളുകളുണ്ട്. അവരും ഇതിൽ പങ്കെടുക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ സന്തോഷവേളകളിൽ സൽക്കർമങ്ങളിൽ അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി പങ്കെടുക്കുക. യഥാർഥത്തിൽ അതിന്റെ ശീലമുണ്ടായതിനുശേഷം അതിൽനിന്നുണ്ടാകുന്ന സന്തോഷം, താൽക്കാലികമായുണ്ടാകുന്ന സന്തോഷത്തേക്കാൾ എത്രയോ അധികമായിരിക്കും. ഇപ്രകാരംതന്നെ ഈദിന്റെ ദിവസം മുതിർന്നവർ കുട്ടികൾക്ക് നല്കുന്ന ഈദിയിൽനിന്ന് എന്തെങ്കിലും കുറച്ച് ഈ ദരിദ്രരായ കുട്ടികൾക്ക് നല്കുന്ന ശീലം കുട്ടികളിലും ഉണ്ടാക്കുക. ഇപ്പോൾ മുതൽതന്നെ കുട്ടികളിൽ ശീലമുണ്ടാക്കുകയാണെങ്കിൽ ഭാവിയിൽ അവരെ സൃഷ്ടിസേവനത്തിന് ചെലവഴിക്കുന്നവരും ജനങ്ങളോടു സഹതാപമുള്ളവരും അല്ലാഹുവിന്റെ കൃപ വഹിക്കുന്നവരും ആക്കുന്നതിനോടൊപ്പം അവരുടെ ജീവിതത്തിലുണ്ടാകുന്ന പ്രയാസങ്ങളിൽനിന്ന് രക്ഷപ്പെടുന്നവരാക്കുകയും ചെയ്യും. അവർ നന്മകളിൽ നിലകൊള്ളുന്നവരായിരിക്കും. അങ്ങനെ ഈ ഉണർവ്വ് അടുത്തതലമുറയിലും കൊളുത്തിപ്പോകുന്നതായിരിക്കേണ്ടതാണ്. ഇതുതന്നെയാണ് ഈദിന്റെ യഥാർഥ സന്തോഷങ്ങൾ. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ച് സൃഷ്ടികളോടുള്ള കടമകളും പരസ്പരം സദ്വിചാരങ്ങൾ വെച്ചുപുലർത്തേണ്ടതും എത്രമാത്രം ആവശ്യമാണെന്നതിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

'ശരീഅത്തിന് രണ്ടേരണ്ട് വലിയ ഭാഗവും വശവുമാണുള്ളത്. അതു കാത്തുസൂക്ഷിക്കേണ്ടത് മനുഷ്യന് നിർബന്ധമാണ്. ഒന്ന് അല്ലാഹുവിനോടുള്ള കടമ. രണ്ട് സൃഷ്ടികളോടുള്ള കടമ. അല്ലാഹുവിനോടുള്ള കടമ എന്നു പറയുന്നത്, അല്ലാഹുവിനോടുള്ള സ്നേഹം, അവനോടുള്ള അനുസരണം, ആരാധന, തൗഹീദ്, സത്ത, ഗുണങ്ങൾ എന്നിവയിൽ മറ്റാരേയും പങ്കാളിയാക്കാതിരിക്കുക എന്നതാണ്." അവനെ ആരാധിക്കുക എന്നത് അല്ലാഹുവിനോടുള്ള കടമയാണ്. അല്ലാഹുവിനെ സ്നേഹിക്കുക, അവന്റെ ഏകത്വം ഏറ്റുപറയുക, ഏറ്റുപറയുക മാത്രമല്ല മറിച്ച്, നമ്മുടെ കർമംകൊണ്ട് അവന്റെ തൗഹീദിന്റെ പ്രകടനം ഉണ്ടായിക്കൊണ്ടിരിക്കണം. അവന്റെ സത്തയിൽ എത്രമാത്രം വിശേഷഗുണങ്ങളുണ്ടോ അതിൽ പങ്കാളികളാരുമില്ലെന്ന് ദൃഢമായും വിശ്വസിക്കുക. രണ്ടാമത്തെ കാര്യം പറഞ്ഞത് "സൃഷ്ടികളോടുള്ള കടമകളാണ്. തന്റെ സഹോദരങ്ങളോടു അഹങ്കാരം, വഞ്ചന, അക്രമം തുടങ്ങിയവയൊന്നും കാണിക്കാതിരിക്കുക. അതായത് ധാർമികമായ ഭാഗത്ത് ഒരുതരത്തിലുള്ള വിള്ളലും ഉണ്ടാകരുത്." അദ്ദേഹം പറയുന്നു: 'കേൾക്കാൻ ഈ രണ്ടു വാക്യമേയുള്ളൂ. പക്ഷേ, കർമത്തിൽകൊണ്ടുവരിക എന്നത് വളരെ പ്രയാസകരമാണ്."

പറഞ്ഞു: 'അല്ലാഹുവിന്റെ വലിയ കൃപ മനുഷ്യനിൽ ഉണ്ടായെങ്കിൽ മാത്രമെ ഈ രണ്ടു വശങ്ങളിലും നിലനില്ക്കാൻ സഹായിക്കുകയുള്ളൂ. അതുകൊണ്ട് അല്ലാഹുവിന്റെ ഫള്ൽ അഥവാ കൃപ നമ്മൾ അന്വേഷിക്കേണ്ടതാണ്; ആരും അതിൽനിന്ന് പിന്തള്ളപ്പെട്ടുപോകാൻ പാടില്ല.' അവിടന്ന് പറയുന്നു: 'ലോകത്ത് നമ്മൾ എന്താണ് കാണുന്നത്? ചിലരിൽ കോപാവേശം മൂർച്ഛിച്ചിട്ടുണ്ടാകും. പെട്ടെന്നാണ് അവന് ദ്വേഷം വരുന്നത്. അത് ആവേശത്തിലെത്തുമ്പോൾ അവന്റെ മനസ്സോ നാവോ പരിശുദ്ധമായിരിക്കുകയില്ല. മനസുകൊണ്ട് തന്റെ സഹോദരനെതിരിൽ അവിശുദ്ധമായ പദ്ധതി ആസൂത്രണം ചെയ്യുകയും നാവുകൊണ്ട് തെറിവിളിക്കുകയും ചെയ്യുന്നു.'

അവിടന്ന് പറയുന്നു: 'സത്യവാനായ ഏക ദൈവവിശ്വാസിയായതിനുശേഷം തന്റെ സ്വഭാവങ്ങൾ നന്നാക്കിത്തീർക്കാൻ രാപകൽ ശ്രമിക്കേണ്ടതാണ്." തൗഹീദിൽ നിലനിന്നതിനുശേഷം സ്വന്തം സ്വഭാവങ്ങൾ നന്നാക്കിത്തീർക്കേണ്ടത് നിർബന്ധമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "തന്റെ സഹോദരങ്ങളോടു ഒരു സഹതാപവും കാണിക്കാത്ത ധാരാളമാളുകൾ ഉള്ളതായി ഞാൻ കാണുന്നു. ഒരു സഹോദരൻ വിശന്ന് മരിക്കുകയാണെങ്കിൽ ഇതരൻ ആ ഭാഗത്തേക്ക് ശ്രദ്ധിക്കുന്നതേയില്ല. അവനെ സഹായിക്കാൻ തയ്യാറാകുന്നില്ല. അല്ലെങ്കിൽ അവൻ മറ്റേതെങ്കിലും ബുദ്ധിമുട്ടുകളിലാണെങ്കിൽ അവനുവേണ്ടി തന്റെ ധനത്തിന്റെ കുറച്ചുഭാഗം ചെലവഴിക്കാനും മുതിരുന്നില്ല.' അവിടന്ന് പറയുന്നു: 'ഹദീഥിൽ അയൽവാസികളെ സഹായിക്കണമെന്നും അവരോടു അനുകമ്പാപൂർവ്വം പെരുമാറണമെന്നും കല്പന വന്നിട്ടുണ്ട്. എന്നല്ല, എത്രത്തോളം വന്നിരിക്കുന്നുവെന്നാൽ, ഇറച്ചിക്കറി വെക്കുമ്പോൾ അവർക്കും കൊടുക്കാൻവിധം വെള്ളം കൂടുതൽ ഒഴിക്കാനും പറഞ്ഞിരിക്കുന്നു. ഇപ്പോൾ എന്താണ് നടക്കുന്നത് സ്വയം വയർ സംരക്ഷിക്കുന്നു. അതിനെക്കുറിച്ച് ഒരു ശ്രദ്ധയുമില്ല. വീടിന്റെ അടുത്തു താമസിക്കുന്നു എന്നതു മാത്രമാണ് അയൽവാസികൊണ്ടുദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കരുത്. മറിച്ച്, നിങ്ങളുടെ സഹോദരനും നിങ്ങളുടെ അയൽവാസിയാണ്; അവൻ നൂറുമൈൽ അകലെയാണെങ്കിലും." ഇതാണ് ഒരു മുഅ്മിന്റെ നിലവാരം. അവൻ സഹതാപം കാണിക്കുകയും മറ്റുള്ളവർക്ക് ഭക്ഷണം നല്കുകും അതിന് ശ്രമിക്കുകയും ശ്രദ്ധിക്കുകയും വേണം.

വീണ്ടും അവിടന്ന് പറയുന്നു: 'ഓരോരുത്തരും ഓരോ ദിവസവും തന്നെക്കുറിച്ച് വായിക്കേണ്ടതാണ്; താൻ എത്രത്തോളം ഇക്കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നുവെന്നും എത്രത്തോളം തന്റെ സഹോദരങ്ങളോടു സഹതാപത്തോടെ പെരുമാറുന്നുവെന്നും! അതിനെക്കുറിച്ചന്വേഷിക്കുക എന്നത് മനുഷ്യന്റെ ഉത്തരവാദിത്വമാണ്.' അവിടന്ന്പറഞ്ഞു: 'ഹദീഥിൽ വന്നിരിക്കുന്നു, ഖിയാമത്തുനാളിൽ അല്ലാഹു പറയും; എനിക്ക് വിശന്നു. നീ എനിക്ക് ഭക്ഷണം നല്കിയില്ല. എനിക്ക് ദാഹിച്ചു നീ എനിക്ക് വെള്ളം തന്നില്ല. ഞാൻ രോഗിയായിരുന്നു, നീ എന്നെ കാണാൻ വന്നില്ല. ആരോടാണോ ഇത് പറയുന്നത് അവൻ ചോദിക്കും. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ നിനക്ക് ഭക്ഷണം തരാൻ നീ എപ്പോഴാണ് വിശന്നിരുന്നത്. നിനക്ക് വെള്ളം തരാതിരിക്കാൻ നിനക്കെപ്പോഴാണ് ദാഹിച്ചത്? നിന്നെ കാണാൻ വരാതിരിക്കാൻ നീ എപ്പോഴാണ് രോഗിയായത്? പിന്നീട് അല്ലാഹു പറയും. എന്റെ ഇന്ന ദാസൻ ഇക്കാര്യങ്ങൾക്ക് ആശ്രിതനായിരുന്നു. എന്നാൽ, നീ അവനോടു അനുകമ്പ കാണിച്ചില്ല. നീ അനുകമ്പ കാണിച്ചിരുന്നുവെങ്കിൽ അത് എന്നോടു കാണിക്കുന്ന അനുകമ്പയാകുമായിരുന്നു. ഇപ്രകാരംതന്നെ മറ്റൊരു ജമാഅത്തിനോടു അല്ലാഹു പറയും: 'സബാഷ്! നിങ്ങൾ എന്നോട് അനുകമ്പ കാണിച്ചു. എനിക്ക് വിശന്നപ്പോൾ നിങ്ങൾ എനിക്ക് ഭക്ഷണം തന്നു. എനിക്ക് ദാഹിച്ചപ്പോൾ നിങ്ങളെനിക്ക് വെള്ളം തന്നു തുടങ്ങിയവ. ആ ജമാഅത്ത് പറയും: 'ഞങ്ങളുടെ ദൈവമേ! എപ്പോഴാണ് ഞങ്ങൾ നിന്നോടു അങ്ങനെ പെരുമാറിയത്?' അല്ലാഹു മറുപടി പറയും: 'നിങ്ങൾ എന്റെ ഇന്ന ദാസനോടു അങ്ങനെ പെരുമാറിയില്ലേ? അത് എന്നോടുള്ള പെരുമാറ്റമായിരുന്നു.' അവിടന്ന് പറയുന്നു: 'യഥാർഥത്തിൽ അല്ലാഹുവിന്റെ സൃഷ്ടികളോടു അനുകമ്പാപൂർവ്വം പെരുമാറുക എന്നത് വളരെ വലിയ കാര്യമാണ്. അല്ലാഹു അവനെ ഏറെ ഇഷ്ടപ്പെടുന്നു. അല്ലാഹു അതുമുഖേന തന്നോടുള്ള സഹതാപമാണെന്ന് പറയുന്നതിനേക്കാൾ വലുതെന്താണ്? അതായത് അല്ലാഹുവിന്റെ ദാസനോടുള്ള സഹതാപം അല്ലെങ്കിൽ പാവങ്ങളോടുള്ള പെരുമാറ്റം അല്ലാഹു തന്നോടുള്ള പെരുമാറ്റമായി പ്രകടിപ്പിക്കുന്നു.

അത് അല്ലാഹുവിനോടു സഹതാപം കാണിക്കുന്നതുപോലെയാണ്. ഒരു ഉദാഹരണം നല്കിക്കൊണ്ട് അവിടന്ന് പറഞ്ഞു: പൊതുവെ ലോകത്തും അങ്ങനെതന്നെയാണ് ഉണ്ടാകുന്നത്. ഒരു വ്യക്തിയുടെ സേവകൻ അയാളുടെ ഒരു സുഹൃത്തിന്റെ അടുക്കൽ പോകുമ്പോൾ അയാളെ വേണ്ടവിധം പരിഗണിക്കുന്നില്ലെങ്കിൽ, സേവകന്റെ മുതലാളി തന്റെ സുഹൃത്തിന്റെ പെരുമാറ്റത്തിൽ സന്തോഷിക്കുമോ? ഏതെങ്കിലും മുതലാളിയുടെ ജോലിക്കാരൻ മുതലാളിയുടെ സുഹൃത്തിന്റെ അടുക്കൽ പോകുമ്പോൾ ആ സുഹൃത്ത് ജോലിക്കാരനെ ഗൗനിക്കുന്നില്ലെങ്കിൽ ആ ജോലിക്കാരൻ കാരണത്താലും മുതലാളി തന്റെ സുഹൃത്തിൽ സന്തോഷിക്കുകയില്ല.' പറയുന്നു: 'എപ്പോഴെങ്കിലും ആ മുതലാളി സന്തോഷിക്കുമോ? ഒരിക്കലുമില്ല. വാസ്തവത്തിൽ ആ സുഹൃത്ത് ജോലിക്കാരനെ ബുദ്ധിമുട്ടിച്ചിട്ടില്ല. ആ ജോലിക്കാരനെ സേവിക്കുന്നതും അയാളോടുള്ള സൽപെരുമാറ്റവും മുതലാളിയോടുള്ള സൽപെരുമാറ്റം പോലെതന്നെയാണ്. ഇപ്രകാരം തന്റെ സൃഷ്ടികളോടും ആരെങ്കിലും മോശമായി പെരുമാറിയാൽ അല്ലാഹുവിനും ദ്വേഷമാണ്. തന്റെ സൃഷ്ടികളോടു ആരെങ്കിലും മോശമായിപെരുമാറുന്നത് അല്ലാഹുവിനിഷ്ടമല്ല; അവരെ ശ്രദ്ധിക്കാതിരിക്കുന്നതും അവരുടെ ആവശ്യത്തിന്റെ നേരത്ത് അവർക്ക് പ്രയോജനപ്പെടാത്തവരേയും. പറഞ്ഞു: 'അവന് തന്റെ സൃഷ്ടികൾ വളരെ പ്രിയപ്പെട്ടവരാണ്. ആരെങ്കിലും അല്ലാഹുവിന്റെ സൃഷ്ടികളോടു അനുകമ്പാപൂർവ്വം പെരുമാറുക എന്നത് അവൻ തന്റെ ദൈവത്തെ തൃപ്തിപ്പെടുത്തുന്നതുപോലെയാണ്.'

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "ചുരുക്കത്തിൽ സൽസ്വഭാവം തന്നെയാണ് എല്ലാ അഭിവൃദ്ധികളുടേയും ഗോവണി. ഞാൻ മനസ്സിലാക്കുന്നത് ഇതേ വശമാണ് സൃഷ്ടികളോടുള്ള കടമകളെന്നാണ്. അത് അല്ലാഹുവിനോടുള്ള കടമാനിർവഹണത്തിന് കരുത്തുപകരുന്നു. അനുകമ്പയുടേയും സൃഷ്ടികളോടുള്ള കടമകളുടേയും ഈ വശം തന്നെയാണ് അല്ലാഹുവിനോടുള്ള കടമയെ ശക്തിപ്പെടുത്തുന്നത്. അല്ലാഹുവിന്റെ ദാസരോടു ശക്തമായ ബന്ധം സ്ഥാപിക്കുകയാണെങ്കിൽ അല്ലാഹുവിനോടും ശക്തമായ ബന്ധം ഉണ്ടാകുന്നതാണ്.' അവിടന്ന് പറയുന്നു: 'മനുഷ്യകുലത്തോടു സൽസ്വഭാവങ്ങളോടെ പെരുമാറുന്നവന്റെ ഈമാനെ അല്ലാഹു ഒരിക്കലും നഷ്ടപ്പെടുത്തുകയില്ല. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് മനുഷ്യൻ ഒരു ജോലി ചെയ്യുമ്പോൾ, തന്റെ ദുർബലനായ സഹോദരനോടു അനുകമ്പ കാണിക്കുമ്പോൾ, ആ ആത്മാർഥതകൊണ്ട് അവന്റെ വിശ്വാസം ശക്തിപ്പെടുന്നു. എന്നാൽ, ഓർമിക്കേണ്ട കാര്യം മറ്റുള്ളവരെ കാണിക്കാനും

പ്രദർശനപരതയ്ക്കുംവേണ്ടി ചെയ്യപ്പെടുന്ന സൽസ്വഭാവം അല്ലാഹുവിനുവേണ്ടി ആകുകയില്ല. ആത്മാർഥത ഇല്ലാത്ത കാരണത്താൽ അതിൽ ഒരു ഫലവുമില്ലതന്നെ.'

'അതിനാൽ ത്യാഗങ്ങൾ വരിക്കുന്നതും ചന്ദകൊടുക്കുന്നതും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് ആയിരിക്കേണ്ടതാണ്. നമ്മുടെ ഇവിടെ സമ്പ്രദായമുണ്ട്; റമളാനിൽ ദുആയ്ക്കുവേണ്ടി ലിസ്റ്റുകൾ തയ്യാറാക്കപ്പെടുന്നു; ദുആ കരസ്ഥമാക്കുന്നതിനുവേണ്ടി. അതു നടന്നോട്ടെ, പക്ഷേ, നാമം പ്രകടിപ്പിക്കാൻ വേണ്ടിയാകരുത്.' അവിടന്ന് പറയുന്നു: 'ഇപ്രകാരംതന്നെ ധാരാളമാളുകൾ വസ്ത്രങ്ങൾ തുടങ്ങിയവ ഉണ്ടാക്കുന്നു. അവരുടെ യഥാർഥ ഉദ്ദേശ്യം പേരും പ്രശസ്തിയുമാണ്. വഴിയാത്രക്കാർക്കുവേണ്ടി വസ്ത്രങ്ങളുണ്ടാക്കുന്നു. താമസിക്കാൻ സ്ഥലമുണ്ടാക്കുന്നു. സൗജന്യമായി താമസിക്കാൻ ഏർപാട് ചെയ്യുന്നു. അവരുടെ കൈയിൽ പൈസയുണ്ട്. വെള്ളം തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നു. പക്ഷേ, ഇതൊക്കെ ചെയ്യുന്നതിന്റെ ഉദ്ദേശ്യമെന്താണ്?' അവിടന്ന് പറഞ്ഞു: 'പ്രശസ്തി.' അല്ലാഹുവിന്റെ തിരുമുഖത്തിനുവേണ്ടി അത് ചെയ്യുന്നില്ല. ഞാൻ പറഞ്ഞതുപോലെ മിക്ക സമ്പന്നരാഷ്ട്രങ്ങളും സ്വാർഥതാൽപര്യങ്ങൾക്കുവേണ്ടി ദരിദ്രരെ സഹായിക്കുന്നു. അവിടന്ന് തുടർന്ന് പറയുന്നു: 'മനുഷ്യൻ അല്ലാഹുവിനുവേണ്ടി എന്തെങ്കിലും ചെയ്യുകയാണെങ്കിൽ അത് എത്ര ചെറുതാണെങ്കിൽതന്നെയും അല്ലാഹു അത് പാഴാക്കുകയില്ല. അതിന് പ്രതിഫലം നല്കുന്നു.' തുടർന്ന് പറയുന്നു: 'ഞാൻ തദ്കിറത്തുൽ ഔലിയാഇൽ വായിച്ചിട്ടുണ്ട്, ഒരു വലിയുല്ലാഹ് പറയുന്നു. ഒരിക്കൽ തോരാതെ കുറേ ദിവസം മഴ പെയ്തു. ആ മഴ ദിവസങ്ങളിൽ 80 വയസ്സുള്ള ഒരു പടുവൃദ്ധൻ (അഗ്നി ആരാധകനാണ്) ടെറസിന്റെമേൽ പക്ഷികൾക്ക് ധാന്യമണികൾ ഇട്ടുകൊടുക്കുന്നതു ഞാൻ കണ്ടു. അയാൾ കാഫിറാണല്ലോ, പ്രതിഫലമില്ലാത്ത പണിയാണല്ലോ ചെയ്യുന്നതെന്ന് കരുതി അയാളോടു പറഞ്ഞു, 'നിന്റെ കർമംകൊണ്ട് നിനക്കെന്തെങ്കിലും ഫലം കിട്ടുമോ?' ആ വലിയുല്ലാഹ് കാഫിറിനോടു, അഗ്നി ആരാധകനോട് ചോദിച്ചു. ആ പടുവൃദ്ധൻ പറഞ്ഞു: 'തീർച്ചയായും കിട്ടും!' പിന്നീട് ആ വലിയുല്ലാഹ് വിവരിക്കുകയാണ്. ഒരിക്കൽ ഞാൻ ഹജ്ജിനുപോയി. ആ പടുവൃദ്ധൻ ത്വവാഫ് ചെയ്യുന്നതുകണ്ടു. അയാൾ എന്നെ തിരിച്ചറിഞ്ഞു. പറഞ്ഞു: 'നോക്കൂ! ആ ധാന്യമണികൾക്ക് എനിക്ക് പ്രതിഫലം കിട്ടിയില്ലേ? അതായത് താൻ പക്ഷികൾക്കിട്ടുകൊടുത്ത ആ ധാന്യമണികൾ തന്റെ ഇസ്‌ലാം സ്വീകരണത്തിന് നിമിത്തമായി.' ആ അഗ്നി ആരാധകൻ ആ നന്മയെ ലോകത്തിന് പ്രയോജനപ്പെടുമെന്ന് മനസ്സിലാക്കിയില്ല. മറിച്ച്, ആ നന്മ തനിക്ക് ഇസ്‌ലാം സ്വീകരിക്കുന്നതിനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും മാർഗമായിത്തീർന്നുവെന്നതിലാണ് സന്തോഷിച്ചത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഹദീഥിലും വന്നിട്ടുണ്ട്, ഒരു സ്വഹാബി നബി(സ)തിരുമേനിയോടു ചോദിച്ചു. ജാഹിലിയ്യത്തിന്റെ ദിനങ്ങളിൽ ഒരുപാട് ഞാൻ ചെലവ് ചെയ്തിട്ടുണ്ട്.' ഞാൻ ചെലവു ചെയ്തിരുന്നത് നിസ്വാർഥമായിട്ടായിരുന്നു. സൃഷ്ടികളോടുള്ള സഹായമെന്ന നിലയിലായിരുന്നു. 'അതിന് എനിക്ക് പ്രതിഫലം കിട്ടുമോ?' നബി(സ)തിരുമേനി അയാൾക്കു മറുപടി നല്കി: 'താങ്കൾ മുസ്‌ലിമായത് ആ നന്മയുടെ ഫലമായിട്ടാണ്.' അതിന്റെ ഫലമാണ് താങ്കൾ തിന്നുകൊണ്ടിരിക്കുന്നത്. അല്ലാഹു ആ നന്മ സ്വീകരിച്ചുകൊണ്ട് താങ്കൾക്ക് മുസ്‌ലിമാകാൻ തൗഫീഖ് തന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇതിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹു ആരുടേയും നിസാര കർമങ്ങൾപോലും നഷ്ടപ്പെടുത്തിക്കളയുന്നില്ല എന്നാണ്. സൃഷ്ടികളോടുള്ള സഹതാപവും സഹായവും അല്ലാഹുവിനോടുള്ള കടമകളുടെ സംരക്ഷണത്തിനും നിമിത്തമാകുന്നുവെന്ന് സ്ഥാപിതമാകുന്നുണ്ട്.' ഈ ചിന്താഗതിയാണുണ്ടാകേണ്ടത്. നമ്മൾ നന്മ ചെയ്യുന്നത് ഭൗതിക താൽപര്യങ്ങൾക്കുവേണ്ടിയായിരിക്കരുത്. മറിച്ച്, അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയായിരിക്കണം. പിന്നീടത് അല്ലാഹുവിനോടുള്ള കടമയുടെ സംരക്ഷണത്തിനും മാർഗമായിത്തീരുന്നു. അവിടന്ന് പറയുന്നു: 'സൃഷ്ടികളോടുള്ള സഹതാപമെന്നത്, മനുഷ്യൻ അതുപേക്ഷിക്കുകയും അതിൽനിന്ന് അകലുകയുമാണെങ്കിൽ പതുക്കെപതുക്കെ അവൻ വന്യമൃഗമായിത്തീരുന്നതാണ്. മനുഷ്യന്റെ മനുഷ്യത്വത്തിന്റെ തേട്ടമെന്നത്, അവൻ മനുഷ്യനായിരിക്കുന്നത് തന്റെ മറ്റു സഹോദരങ്ങളോടു സൽപെരുമാറ്റത്തോടും നന്മയോടുംകൂടി പ്രവർത്തിക്കുന്നതുവരെയാണ്. അതിൽ ഒരുതരത്തിലുള്ള വ്യത്യാസവുമില്ല; ആദമിന്റെ മക്കൾ പരസ്പരം അവയവങ്ങളാണെന്ന് കവി 'സഅ്ദി' പറഞ്ഞതുപോലെ.' അവിടന്ന് പറയുന്നു: 'സഹതാപത്തിന്റെ വൃത്തം എന്റെ അഭിപ്രായത്തിൽ വളരെ വിശാലമാണ്. ഒരു ജനതയേയും അംഗത്തേയും വേർപ്പെടുത്തരുത്. ഏതെങ്കിലും പ്രത്യേകജനതയോടു സഹതാപം കാണിക്കുക എന്നതല്ല. മറിച്ച് എല്ലാവരോടും സഹതാപം കാണിക്കേണ്ടതാണ്. ആരേയും ഒഴിവാക്കരുത്. ഞാൻ ഇക്കാലത്തെ വിവരദോഷികളെപോലെ നിങ്ങൾ നിങ്ങളുടെ സഹതാപം മുസ്‌ലിംകളിൽ മാത്രം പ്രത്യേകപ്പെടുത്തിവെക്കുക എന്ന് പറയുന്നില്ല; അങ്ങനെയല്ല. ഞാൻ പറയുന്നു: 'നിങ്ങൾ അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും അനുകമ്പ കാണിക്കുക; ആരുമായിക്കൊള്ളട്ടെ! ഹിന്ദുവാകട്ടെ, മുസ്‌ലിമാകട്ടെ മറ്റാരുമാകട്ടെ. സഹതാപം തന്റെ ജനതയിൽ മാത്രം ഒതുക്കി നിറുത്താൻ ആഗ്രഹിക്കുന്നവരുടെ സംസാരങ്ങൾ ഞാൻ ഇഷ്ടപ്പെടുന്നില്ല. അവരിൽ ചിലർ ഇത്തരം ചിന്താഗതികൾ വെച്ചുപുലർത്തുന്നുണ്ട്.' അതായത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ചില ഉദാഹരണങ്ങൾ നല്കുകയാണ്. ചിലയാളുകൾ അങ്ങനെയുള്ളവരും അത്തരം ചിന്താഗതികൾ വെച്ചുപുലർത്തുന്നവരുമാണ്. അവർ പറയുന്നത്, പഞ്ചസാരയുടെ കട്ടിയുള്ള ലായനി ഒഴിച്ചുവെച്ചിട്ടുള്ള കുടത്തിൽ കൈയിടുകയും പിന്നീട് കടുകിന്റെ ചാക്കിൽ ഇടുകയും ചെയ്യുമ്പോൾ എത്രത്തോളം കടുക് കൈയിൽ പറ്റിപിടിക്കുമോ അത്രത്തോളം മറ്റുള്ളവരെ ചതിക്കുകയും വഞ്ചിക്കുകയും ചെയ്യാമെന്നാണ്.' അതായത് തങ്ങൾക്ക് കളവ് പറയുന്നതിനും വഞ്ചിക്കുന്നതിനും മറ്റുളളവർ ഒരു ഉദാഹരണം ഉണ്ടാക്കിവെച്ചിരിക്കുകയാണ്. സ്വന്തം ഷൗഖേളശരമശേീ വെച്ചിരിക്കുന്നു; ഈയളവിൽ മറ്റുള്ളവരെ വഞ്ചിക്കാൻ അനുവാദമുണ്ടെന്ന്. മധുപാനീയത്തിൽ കൈമുക്കുക, പിന്നീട് കടുകിൽ കൈമുക്കുക, എത്ര കടുകാണോ കൈയിൽ പറ്റിപിടിക്കുന്നത്–കൂടുതൽ പറ്റിപിടിച്ചാലും പ്രശ്നമില്ല–മറ്റുളളവരെ അത്രയും വഞ്ചിക്കാൻ നിങ്ങൾക്ക് അനുവാദമുണ്ടത്രെ! ഇസ്‌ലാമികാധ്യാപനം തകർത്തെറിഞ്ഞവരുടെ അവസ്ഥയാണിത്. നമ്മളിൽ അല്ലാഹുവിന്റെ എത്ര വലിയ ഔദാര്യമാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന യഥാർഥ ഇസ്‌ലാമിലേക്ക് അല്ലാഹു നമുക്ക് മാർഗദർശനം നല്കി.

അവിടന്ന് പറയുന്നു: 'അവരുടെ ഇത്തരം വ്യർത്ഥവും സാങ്കല്പികവുമായ കാര്യങ്ങൾ വളരെ വലിയ നഷ്ടമാണുണ്ടാക്കിയിട്ടുള്ളത്. അവരെ കാട്ടുജന്തുക്കളും വന്യമൃഗങ്ങളുമാക്കി. എന്നാൽ, ഞാൻ നിങ്ങളെ ആവർത്തിച്ച് ഉപദേശിക്കുന്നത് നിങ്ങളുടെ സഹതാപത്തിന്റെ വൃത്തം പരിമിതപ്പെടുത്തരുതെന്നാണ്. സഹതാപത്തിന് അല്ലാഹു നല്കിയ അധ്യാപനം പിൻപറ്റുക. ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽഇഹ്സാനി വഈത്താഇദിൽ ഖുർബാ അതായത് ഒന്നാമതായി നന്മ ചെയ്യുന്നതിൽ നിങ്ങൾ നീതിയെ പരിഗണിക്കുക. നിങ്ങളോടു നന്മ ചെയ്യുന്നവരോടു നിങ്ങളും നന്മ ചെയ്യുക.

രണ്ടാമത്തെ ദർജ ഇതാണ്: നിങ്ങൾ അതിനേക്കാളുപരി അയാളോടു പെരുമാറുക. ഇതാണ് ഇഹ്സാൻ. ഇഹ്സാന്റെ സ്ഥാനം നീതിയേക്കാൾ ഉയർന്നതാണ്. ഇത് വലിയ ഘനപ്പെട്ട നന്മയാണ്. പക്ഷേ, ഇടയ്ക്കിടെ ഔദാര്യം ചെയ്യുന്നയാൾ തന്റെ ഇഹ്സാൻ എടുത്തുപറയാറുണ്ട്. എന്നാൽ, അതിനെക്കാളെല്ലാം ഉപരിയായ ഒരു ദർജയാണ് വ്യക്തിപരമായ സ്നേഹവർണത്തിൽ നന്മ ചെയ്യുക എന്നത്. എങ്ങനെയുള്ള നന്മയാകണമെന്നാൽ, അതുമുഖേന വ്യക്തിപരമായ സ്നേഹത്തിന്റെ പ്രകടനം ഉണ്ടാകണം. അതിൽ ഔദാര്യം പ്രകടിപ്പിക്കുന്നതിന്റെ ഒരംശവും ഉണ്ടാവരുത്. ചെയ്ത നന്മ എടുത്തുപറയരുത്. മാതാവ് തന്റെ കുഞ്ഞിനെ പരിപാലിക്കുന്നതുപോലെ, ആ പരിപാലനത്തിൽ ഏതെങ്കിലും പ്രതിഫലമോ നേട്ടമോ ഒന്നും ഉണ്ടാകുകയില്ല. മറിച്ച്, സ്വതസിദ്ധമായ ഒരു ആവേശമാണത്. അവർ കുട്ടിയ്ക്കുവേണ്ടി തന്റെ സർവസുഖവും വിശ്രമവും ത്യാഗം ചെയ്യുന്നു. നിസ്വാർഥയായ ഉമ്മ മക്കൾക്കുവേണ്ടി സേവനം ചെയ്യുന്നു. മൂന്നാമത്തെ സ്ഥാനത്തുള്ള നന്മ എന്നു പറയുന്നത് ഈത്താഇദിൽഖുർബാ എന്നതാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണം മാതാവാണ്; അവർ മക്കൾക്കുവേണ്ടി ചെയ്യുന്ന സേവനം. ഒരു ലൗകികനിൽ ഈ നന്മ ഉണ്ടാകുകയേയില്ല. അവൻ ആദ്യത്തെ പടിയിൽതന്നെയായിരിക്കും. അതിലിരിക്കുമ്പോൾ, ചെയ്ത നന്മ എടുത്തുപറയുക യും ചെയ്യും. ദരിദ്ര ഭരണകൂടങ്ങൾ അവരുടെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കാതിരിക്കുമ്പോൾ അ ല്ലെങ്കിൽ ദരിദ്രരാഷ്ട്രങ്ങളിലെ ഭരണകൂടങ്ങൾ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കാതിരിക്കുമ്പോൾ ദരിദ്രരുടെ ഉന്നമനത്തിന് അവർ തങ്ങളുടെ രാജ്യങ്ങളിൽ ചെയ്യാൻ തുടങ്ങിയ പദ്ധതികളിൽനിന്ന് കൈവലിക്കുന്നു. എന്നല്ല അവരുടെ ജീവനെടുക്കാൻ തുടങ്ങുന്നു. ഇക്കാരണത്താലാണ് ചില മുസ്‌ലിം രാഷ്ട്രങ്ങൾ ബോംബുവർഷത്തിന് കുറിമാനമായിക്കൊണ്ടിരിക്കുന്നത്. എന്നല്ല, വൻഇസ്‌ലാമിക രാഷ്ട്രങ്ങളും ഇതേ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നു. യമൻ ഇതിന് കുറിമാനമായിക്കൊണ്ടിരിക്കുന്നു; ഒരു വലിയ ഇസ്‌ലാമിക രാജ്യമായ സൗദിഅറേബ്യയുടെ പോളിസികളെ അവർ പൂർണമായും അനുസരിച്ചില്ല. അതുകൊണ്ട് അവരുടെ ദരിദ്രരെ കൊല്ലുക. അവരുടെ നിരപരാധികളായ കുട്ടികളെ വധിക്കുക. അവരുടെ സ്ത്രീകളെ കൊല്ലുക. അവരുടെ വൃദ്ധരെ കൊല്ലുക. സമാധാനകാംക്ഷികളായ എല്ലാ പൗരന്മാരേയും കൊല്ലുക. ഈ ചിന്താഗതി ഉണ്ടാകുമ്പോൾ പിന്നെ അല്ലാഹുവിനെ കിട്ടുകയില്ല. ഈ പ്രവൃത്തി അല്ലാഹുവിന്റെ പ്രീതിയ്ക്കുവേണ്ടി ആയിരിക്കുകയില്ല. അതുകൊണ്ട് അല്ലാഹുവിനെ കിട്ടുകയുമില്ല. അതുകൊണ്ട് ഇന്ന് നി സ്വാർഥരായി പ്രവൃത്തിക്കേണ്ടത് അഹ്മദികൾ മാത്രമാണ്. രണ്ടാമത് ഈ അക്രമിയുടെ കൈകൾ തടയുന്നതിന്

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 31 January 2019 Issue-5

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

**(റിപ്പോർട്ട് വാല്യം 3 ലക്കം 50-ൽനിന്ന് തുടർച്ച)**

അതിനുശേഷം സ്വീഡിഷ് ടെലിവിഷന്റെ ജേർണലിസ്റ്റ് ചോദിച്ചു: 'യൂറോപ്യൻ മ്യൂസിക് കോമ്പറ്റീഷനിൽ ആരായിരിക്കും ജയിക്കുക?

ഹുദൂർ: എനിക്ക് അത്തരം കാര്യങ്ങളിൽ താൽപര്യമില്ല.

അങ്ങയുമായി അഭിമുഖം നടത്തുന്നതിന് ഞങ്ങൾ ഇവിടെ വന്നപ്പോൾ ഞങ്ങൾക്ക് സെക്യൂരിറ്റി ചെക്കിംഗിന് വിധേയരാവേണ്ടി വന്നു. പാക്കിസ്താനിൽ നിങ്ങളുടെ ജമാഅത്തിനുമേൽ അക്രമം നടക്കുന്നുണ്ടെന്ന് എനിക്കറിയാൻ കഴിഞ്ഞു. അങ്ങ് ഇതിനെ എങ്ങനെയാണ് കാണുന്നത്?

ഹുദൂർ: പാക്കിസ്താനിൽ ഞങ്ങളുടെമേൽ അക്രമം നടക്കുന്നുണ്ടെങ്കിലും ഒരുവലിയ വിഭാഗം അഹ്മദികൾ അവർ ലക്ഷക്കണക്കിനാണ്, പാക്കിസ്താനിൽ താമസിക്കുന്നുണ്ട്. പാക്കിസ്താനിൽ ഞാനും അടിസ്ഥാനരഹിതമായ ആക്ഷേപം കാരണത്താൽ കുറച്ചു ദിവസം തടവിൽ കഴിഞ്ഞിട്ടുണ്ട്. പക്ഷേ, ഞാൻ ഖലീഫയായി തിരഞ്ഞെടുക്കപ്പെടുന്നതുവരെ രാജ്യം വിട്ടിരുന്നില്ല. ഞങ്ങൾക്ക് ആ അക്രമങ്ങൾ സഹിക്കേണ്ടതായി വരുന്നുണ്ട്. കാരണം ഈ അക്രമങ്ങൾക്കു പിന്നിൽ സർക്കാറിന്റെ കൈയാണ്. അവിടെ അഹ്മദികൾക്കെതിരിൽ നിയമങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഞങ്ങൾക്ക് ഞങ്ങളുടെ വിശ്വാസം പ്രകടിപ്പിക്കാനോ പ്രബോധനം നടത്താനോ അനുവാദമില്ല. ഞങ്ങൾ ആരാധിക്കുന്ന സ്ഥലത്തെ മസ്ജിദ് എന്നു പറയാൻ ഞങ്ങൾക്കു അനുവാദമില്ല. ഞങ്ങൾ ഞങ്ങളെ മുസ്ലിമായി വിശ്വസിക്കുന്നു. എന്നാൽ, അവിടെ ഞങ്ങൾക്ക് മുസ്ലിമെന്ന് പറയാൻ അനുവാദമില്ല. എത്രത്തോളമെന്നാൽ അവിടത്തെ നിയമമനുസരിച്ച് ഞങ്ങൾക്ക് ഞങ്ങളുടെ മക്കൾക്ക് മുസ്ലിം പേരുപോലും ഇടാൻ അനുവാദമില്ല. ഇത്തരത്തിലുള്ള അക്രമങ്ങൾ ഞങ്ങൾക്ക് അവിടെ നേരിടേണ്ടി വരുന്നുണ്ട്.

ജേർണലിസ്റ്റ്: നിങ്ങൾക്ക് യൂറോപ്പിലും ഭീഷണിയുണ്ടോ?

ഹുദൂർ: യുറോപ്പിൽ radicalised യുവതലമുറയിൽനിന്ന് എല്ലാവർക്കും ഭീഷണിയുണ്ട്; താങ്കൾ ആദ്യമെ പറഞ്ഞതുപോലെ. പക്ഷേ, മുസ്ലീംകളിലെ വലിയ വിഭാഗം അല്ലെങ്കിൽ മുസ്ലീംകളിലെ ചില കക്ഷികൾ അല്ലെങ്കിൽ സംഘങ്ങൾ അഹ്മദികൾക്കെതിരിലുള്ളവരാണ്. അതുകൊണ്ട് അവർ അഹ്മദികൾക്ക് നഷ്ടമുണ്ടാക്കിയേക്കാം. ജമാഅത്തിന്റെ നേതാവിനേയും കുറിമാനമാക്കാൻ ഇടയുണ്ട്. ഇക്കാരണത്താലാണ് ഞാൻ ഇവിടെയുള്ളപ്പോൾ സാധാരണയുള്ളതിനെക്കാൾ കൂടുതൽ ചെക്കിംങ്ങുണ്ടാകുന്നത്. സെക്യൂരിറ്റി വെച്ചിട്ടുള്ളത്. ഞാൻ ഇവിടെ ഇല്ലെങ്കിൽത്തന്നെയും സെക്യൂരിറ്റി ഉണ്ടാകാറുണ്ട്. അഹ്മദികളെല്ലാവരുടേയും കൈയിൽ identity card ഉണ്ട്. അതു സ്കാൻ ചെയ്തതിനുശേഷമാണ് മസ്ജിദിൽ പ്രവേശിപ്പിക്കാറുള്ളത്. ഇതു വെറും സംരക്ഷണ നടപടി എന്ന നിലയിലാണ് ചെയ്യാറുള്ളത്. ഞങ്ങൾ സംരക്ഷണ നടപടി കൈക്കൊള്ളണമെന്ന് ചില യൂറോപ്യൻ രാജ്യങ്ങളിലെ ഭരണകർത്താക്കളും ഞങ്ങളോടു പറഞ്ഞിട്ടുണ്ട്.

അഭിമുഖത്തിന്റെ അവസാനം വനിതാ ജേർണലിസ്റ്റ് ഹുദൂറിന് നന്ദി പറഞ്ഞു. വെള്ളി ശനി ദിവസങ്ങളിൽ നിങ്ങളുടെ മസ്ജിദിനെ സംബന്ധിച്ച് പരിപാടികൾ സംഘടിപ്പിക്കുകയാണ്. ഇതുസംബന്ധമായി എന്തെങ്കിലും പറയാനാഗ്രഹിക്കുന്നുണ്ടോ?

ഹുദൂർ: ജുമുഅ ദിവസം ഞങ്ങളുടെ ആഴ്ചതോറുമുള്ള മതപരമായ സമ്മേളനമാണ് നടക്കുന്നത്. അത് ഉച്ചയ്ക്കായിരിക്കും. ശനിയാഴ്ച അതിഥികൾക്കുവേണ്ടി ഒരു പരിപാടി ഏർപാടാക്കിയിട്ടുണ്ട്. നിങ്ങളേയും ഇതിൽ ക്ഷണിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ക്ഷണിച്ചിട്ടില്ലെങ്കിൽ ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്. നിങ്ങൾ ശനിയാഴ്ച വരിക, ഈ പരിപാടിയിൽ പങ്കെടുക്കുക. അവിടെ ഞാൻ ഹ്രസ്വമായി ഇസ്ലാമികാധ്യാപനങ്ങളെ കുറിച്ച് പറയുന്നതാണ്. മുസ്ലീംകൾ എന്താണ് ചെയ്യേണ്ടത്? അഹ്മദിയ്യത്ത് എന്താണ്? ഞങ്ങളുടെ ജമാഅത്തിന്റെ ഉദ്ദേശ്യമെന്താണ്?

അതിനുശേഷം അവർ ഒരിക്കൽക്കൂടി ഹുദൂറിന് നന്ദി പറഞ്ഞു.(തുടരും)

(ബദ്ർ 2016 ജൂൺ 16)

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

---

ദുആയും ചെയ്യേണ്ടതാണ്. ഇതു വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നന്മ അതിന്റെ സ്വാഭാവികമായ നില പ്രാപിക്കുന്നരീതിയിൽ ചെയ്യുക. കാരണം ഏതെങ്കിലും വസ്തു അഭിവൃദ്ധിപ്പെട്ട് പെട്ട് അതിന്റെ സ്വാഭാവികമായ പൂർണതവരെ എത്തുമ്പോഴാണ് അത് പൂർണമാകുന്നത്.' (മൽഫൂദാത്ത്, വാല്യം 7, പേജ് 278-284, 1985 ലണ്ടൻ പതിപ്പ്)

ഇതു കൂടുതൽ വിശദീകരിച്ചുകൊണ്ട് മറ്റൊരിടത്ത് പറയുന്നു: 'സ്വാഭാവികമായ ആവേശത്താൽ മനുഷ്യകുലത്തിനോടുള്ള സഹതാപത്തിന്റെ പേരാണ് ഈത്താഇദിൽ ഖുർബാ. ഈ ക്രമീകരണംകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് നിങ്ങൾ പൂർണമായും സാത്വികനാകാൻ ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ നന്മയെ ഈത്താഇദിൽ ഖുർബാ അതായത് സ്വാഭാവികമായ നിലവരെ എത്തിക്കുക. ഏതൊരു വസ്തുവും അഭിവൃദ്ധി പെട്ട്പെട്ട് അതിന്റെ ഈ സ്വാഭാവികമായ കേന്ദ്രംവരെ എത്താത്തിടത്തോളം അത് സമ്പൂർണനില പ്രാപിക്കുകയില്ല.' (മൽഫൂദാത്ത്, വാല്യം 7, പേജ് 283, 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഓർമിക്കുക! അല്ലാഹു നന്മ ഇഷ്ടപ്പെടുന്നു. തന്റെ സൃഷ്ടികളോടു സഹതാപം കാണിക്കണമെന്ന് അവനാഗ്രഹിക്കുന്നു. അവൻ തിന്മ ഇഷ്ടപ്പെട്ടിരുന്നെങ്കിൽ തിന്മ ചെയ്യാൻ പറയുമായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ തേജോവിലാസം അതിൽനിന്ന് ശുദ്ധമാണ്.' (മൽഫൂദാത്ത്, വാല്യം 7, പേജ് 284, 1985 ലണ്ടൻ പതിപ്പ്)

നമ്മൾ ഉന്നതമായ നിലവാരവും അല്ലാഹുവിന്റെ തൃപ്തിയും കരസ്ഥമാക്കിക്കൊണ്ടു നന്മകൾ ചെയ്യുന്നവരായിത്തീരട്ടെ. സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നവരാകട്ടെ. ഈദിന്റെ യഥാർഥ സന്തോഷങ്ങൾ നമുക്ക് എപ്പോഴും കരസ്ഥമായിക്കൊണ്ടിരിക്കാൻ മാനവകുലത്തിന് സേവനം ചെയ്യുന്നവരാകട്ടെ.

ഇനി നമ്മൾ ദുആ ചെയ്യുന്നതായിരിക്കും. ദുആയിൽ നമ്മുടെ പാവങ്ങളേയും അശരണരേയും ദരിദ്രരേയും ഓർക്കുക. നിസ്വാർഥരായി സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നവരേയും ദുആകളിൽ ഓർക്കുക. എല്ലാ വാഖ്ഫീനെ സിന്ദഗിയേയും ദുആകളിൽ ഓർക്കുക. ജമാഅത്തിനുവേണ്ടി ഏതുരീതിയിലും സേവനം ചെയ്യുന്നവരേയും ദുആയിൽ ഓർക്കുക. ജമാഅത്തിന്റെ പ്രവർത്തനങ്ങൾ വിശാലമാക്കുന്നതിനുവേണ്ടി ധനത്യാഗങ്ങൾ ചെയ്യുന്നവരേയും ദുആകളിൽ ഓർക്കുക. മുസ്ലിം ഉമ്മത്തിനുവേണ്ടി ദുആ ചെയ്യുക. പരസ്പരം രക്തംചൊരിയുന്നതിൽനിന്ന് അല്ലാഹു അവരുടെ കൈകളെ തടയുമാറാകട്ടെ. റമളാനിലും ബോംബ് വർഷിച്ച് അവർ കഴിഞ്ഞ ദിവസം യമനിൽ ഒരുപാടുകുട്ടികളെ യത്തീമാക്കി. പല ഭാര്യമാരും വിധവകളായി. പലരേയും മുടന്തന്മാരാക്കി. ഒരുവകഭേദവുമില്ലാതെ അക്രമപരമായനിലയിൽ സ്ത്രീകളുടേയും കുട്ടികളുടേയും വൃദ്ധരുടേയും ജീവിതം അവസാനിപ്പിച്ചു. അല്ലാഹു ഈ അക്രമികളുടെ കൈകൾ തടയുമാറാകട്ടെ. പാക്കിസ്താനിലെ അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യുക. അവരുടെമേലും കഴിഞ്ഞ ചില ദിവസങ്ങളിൽ അക്രമമുണ്ടായി. ഇപ്രകാരംതന്നെ അൽജീരിയായിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അവരിലും സർക്കാരിന്റെ ഭാഗത്തുനിന്ന് കേസുകൾ ഉണ്ടാക്കപ്പെടുന്നു. പിന്നീട് ശിക്ഷയും നല്കുന്നു. അല്ലാഹു എല്ലാവരേയും ഈ ദ്രോഹങ്ങളിൽനിന്നെല്ലാം സുരക്ഷിതമാക്കിവെക്കുകയും അവരുടെ ഈദും യഥാർഥ ഈദാക്കിത്തീർക്കുകയും യഥാർഥ സന്തോഷങ്ങൾ അവർക്കുണ്ടാകുകയും ചെയ്യുമാറാകട്ടെ.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin